# ക്രൈസ്തവ വനിത

January - February 2022



A fundamental Christian bi-monthly publication of the women, by the women, for the family

2022
January- February

Volume XV
Issue 1

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


- സുവിശേഷീകരണത്തിൽ ... – മേരി അഞ്ചൻ, തുംകൂർ 1
- യഹോവയ്ക്ക് വായ്പ കൊടുക്കാറുണ്ടോ? – എൽസി ബേബി, ന്യൂയോർക്ക് 3
- വിശുദ്ധ ജീവിതം – ശേബ ജസ്റ്റിൻ, അഞ്ചുതെങ്ങ് 5
- നമ്മുടെ അവകാശം – മോളിക്കുട്ടി ചാക്കോ, കണ്ണൂർ 6
- ദൗത്യ വാഹക – എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ 9
- നിർമ്മല കന്യക – അന്നമ്മ സി. ജോൺ 12
- Called to be courageous – Dr.Helen Abraham, Chennai 14
- യെരുശലേം പുത്രിമാരേ, ... – ജോയമ്മ സാംസൺ, കൊല്ലം 16
- കൂട്ടായ്മ യോഹന്നാച്ചൻ – ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം 18
- യിഫ്താഹിന്റെ മകൾ – ജോർജ് ജോൺ, തിരുവനന്തപുരം 20
- ഈ ലോകത്തിന് അനുരൂപരാകാതെ – II – പാസ്റ്റർ എ. ജെ. ജോൺ കൊഴുവല്ലൂർ 22
- ദാമ്പത്യം: നല്ല തുടക്കവും നല്ല അവസാനവും – ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ 25
- Quest 81 – 28




*Cover photo by : Thomaskutty T.P., Ramapuram*

ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - *എഡിറ്റർ*

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

Editorial Board
Founder Editor
**Annamma Charles John**
Chief Editor
**Mrs. Mary Anchan**
Associate Editor
**Mrs. Sherine Kingston**
Sub Editor
**Mrs. Sobha Selin**

Telephone: 0471-2448079
E-mail: shanthisadan@gmail.com
Mob: 9087144349

# സുവിശേഷീകരണത്തിൽ ലഘുലേഖയ്ക്കുള്ള സ്ഥാനം



Editorial

നമ്മുടെ മുഴുസമയവും കർത്താവിന്റെ വേലയ്ക്കായി ചെലവഴിപ്പാൻ കഴിഞ്ഞില്ലെന്നുവന്നാലും, നിത്യതയിൽ പ്രതിഫലം ലഭിക്കത്തക്കരീതിയിൽ ജീവിപ്പാൻ എല്ലാവർക്കും സാദ്ധ്യതയുണ്ട്. എല്ലാ വിശ്വാസികൾക്കും പങ്കു കൊള്ളത്തക്ക ഒരു ക്രിസ്തീയ സേവനമാണ് ലഘുലേഖാവിതരണം.

മനുഷ്യശബ്ദത്തിന് ചെന്നെത്തുവാൻ പാടില്ലാത്ത സ്ഥലങ്ങളിലേക്കു പോലും രക്ഷയുടെ ദൂതു വഹിച്ചുകൊണ്ടുപോകുന്ന 'കടലാസു പടയാളികൾ'ക്കായി നാം എത്രമാത്രം നന്ദിയുള്ളവരായിരിക്കണം.

ലഘുലേഖകൾക്ക് എവിടെയും കടന്നുചെല്ലുവാൻ കഴിയും. നമുക്ക് ചെന്നെത്തുവാൻ കഴിയാത്ത സ്ഥാപനങ്ങളിലും അവയ്ക്ക് ചെല്ലുവാൻ സാധിക്കും. ഭയവും, ക്ഷീണവും എന്താണെന്ന് അവയ്ക്കറിഞ്ഞുകൂടാ. ഏറ്റവും ചുരുങ്ങിയ ചെലവിൽ അവയ്ക്ക് യാത്രചെയ്വാൻ കഴിയും. അവയിൽ ഉൾക്കൊണ്ടിരിക്കുന്ന ദൂത് പറഞ്ഞുകേൾപ്പിക്കാൻ പരസ്യ സ്ഥലങ്ങൾ ആവശ്യമില്ല. അടുക്കളയിലും, അങ്ങാടിയിലും, ഫാക്ടറിയിലും, തീവണ്ടിയിലും അവയുടെ കഥ പറയുവാൻ സാധിക്കും. മറ്റുള്ളവരുടെ ആക്ഷേപങ്ങളും, പരിഹാസങ്ങളും അവ ഗൗനിക്കാറില്ല. വെറും വാക്കുകളാൽ അവയെ വഞ്ചിക്കുവാൻ ആർക്കും കഴികയില്ല. അവ ഒരിക്കലും വാഗ്വാദം ചെയ്കയോ, കലഹിക്കയോ, കോപിക്കുകയോ ചെയ്യുന്നില്ല. ഒരേ കഥ തന്നെ ആവർത്തിക്കുന്നു. അന്ധകാരത്തിലും, മരണഭീതിയിലും കഴിഞ്ഞുകൂടുന്ന സ്ത്രീപുരുഷന്മാരുടെ സമീപത്തേക്ക് ലഘുലേഖയ്ക്ക് നിശബ്ദമായി കടന്നുചെല്ലുവാൻ കഴിയുന്നു, അനേക ജനങ്ങൾക്ക് രക്ഷാദൂത് കേൾക്കുന്നതിനും ജീവിക്കുന്നതിനും അതു മാത്രമായിരിക്കാം ഏക മാർഗ്ഗം. നാം ഉറങ്ങുമ്പോഴും നിശബ്ദ ദൂതുവാഹികളായ ലഘുലേഖകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

റിച്ചാർഡ് സിബ്സ് (Richard Sibs) 'ചതഞ്ഞ ഓട' എന്ന തലക്കെട്ടിൽ ഒരു ലഘുലേഖ എഴുതി. റിച്ചാർഡ് ബാക്സ്റ്റർ (Richard Baxter) എന്ന ബാലകന് ഒരു തകരപ്പണിക്കാരനിൽ നിന്നും അതു ലഭിക്കുന്നതിനും അതു വായിച്ചു ക്രിസ്തുവിനെ സ്വീകരിക്കുന്നതിനും ഇടയായി. അതിനുശേഷം അവിശ്വാസികളോടുള്ള ആഹ്വാനം അയാൾ എഴുതുകയുണ്ടായി. അതുവായിച്ചു രക്ഷിക്കപ്പെട്ട അനേകരിൽ ഒരാളായ ഫിലിപ്പ് ഡോഡ്റിജ് (Philip Dodridge) മനുഷ്യാത്മാവിൽ മതത്തിന്റെ ഉത്ഭവവും അഭിവൃദ്ധിയും എന്ന ലേഖനം എഴുതി. ബ്രിട്ടീഷ്ദ്വീപുകളിലെ അടിമകളെ സ്വതന്ത്രരാക്കി ത്തീർത്ത വില്യം വിൽബർഫോഴ്സ് (William Wilberforce) എന്ന ആൾ അത് വായിക്കുന്നതിനും ക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിക്കുന്നതിനും മുഖാന്തരമായി. ലെയ് റിച്ച്മണ്ഡിന്റെ (Leigh Richmond) ഹൃദയത്തെ അഗാധമായി സ്പർശിച്ച 'ക്രിസ്ത്യാനിത്വത്തിന്റെ പ്രായോഗികത്വം' എന്ന ലേഖനം വിൽബർഫോഴ്സ് പില്ക്കാലത്ത് എഴുതിയിട്ടുള്ളതാണ്. ലെയ് റിച്ച്മണ്ഡിന്റെ (Leigh Richmond) 'ദി ഡയറിമാൻസ് ഡോട്ടർ' എന്ന പുസ്തകം

ചുരുക്കം ചില വർഷങ്ങൾക്കുള്ളിൽ അമ്പതു വിവിധ ഭാഷകളിലായി നാല്പതുലക്ഷം പ്രതികൾ അച്ചടിക്കപ്പെടുകയും, കർത്താവിനെ സാക്ഷിക്കയും ചെയ്തിട്ടുണ്ട്. 'ചതഞ്ഞ ഓട' എന്ന ഒരു ലഘുലേഖയുടെ വമ്പിച്ച പ്രവർത്തനം നോക്കുക. ചൈനാ ഇൻലൻഡ് മിഷ്യന്റെ സ്ഥാപകനായ ജെ. ഹഡ്സൺ ടെയ്ലർ ഒരു ട്രാക്റ്റു മൂലമാണ് ക്രിസ്തുവിനെ കണ്ടെത്തിയത്. സുപ്രസിദ്ധരായ അനേക സുവിശേഷകന്മാരും തുടർച്ചയായി ലഘുലേഖകൾ വിതരണം ചെയ്കയും ഫലം കാണുകയും ചെയ്യുന്നുണ്ട്. ചിലർക്ക് ഇവിടെവച്ച് ഫലം കാണ്മാൻ കഴിഞ്ഞില്ലെങ്കിലും മഹത്ത്വത്തിൽ കാണ്മാൻ കഴിയും. നാം ഫലം കണ്ടാലും ഇല്ലെങ്കിലും, നല്ല വിത്ത് വിതച്ചാൽ അവന്റെ മഹത്ത്വത്തിനായി നാം കൊയ്യും എന്നുള്ള സത്യം അറിയുകയും, ആനന്ദിക്കുകയും ചെയ്യുന്നത് എത്രയോ അനുഗ്രഹിക്കപ്പെട്ട ഒരു പദവിയാണ്. 'യഹോവ അരുളിചെയ്ത യഹോവയുടെ വചനങ്ങളിൽ ഒന്നും നിഷ്ഫല മാകയില്ല എന്ന് അറിഞ്ഞു കൊൾവിൻ. (2 രാജാ. 10:10). 'നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിക; ഏറിയ നാൾ കഴിഞ്ഞിട്ടു നിനക്ക് അതുകിട്ടും' (സഭാപ്രസംഗി 11:1). 'വെള്ളത്തിന്നരികെ വിത്തെല്ലാം വിതെപ്പാനും', സമയത്തിലും അസമയത്തിലും ഒരുങ്ങി നില്പാനും' ലഘുലേഖ വിതരണം മൂലം നമുക്കു സാധിക്കുന്നു. ഒരു ലഘുലേഖ ഒരു പാപിക്കു നല്കുന്നതിനാൽ അവൻ രക്ഷിക്കപ്പെടുവാൻ ഇടയായാൽ, കർത്താവു വരുവോളം തുടർന്നു കൊണ്ടിരിക്കുന്ന ഒരു വേലയാണ് നാം ആരംഭിച്ചതെന്നോർക്കുക. നാം വിതെയ്ക്കുന്ന വിത്തുകളെ ദൈവം വർദ്ധിപ്പിക്കുക തന്നെ ചെയ്യും എന്നുള്ള നിർണ്ണയം നമുക്കു ഓരോരുത്തർക്കും ലഘുലേഖാ വിതരണത്തിനായി പ്രോത്സാഹനവും ഉത്തേജനവും നല്കുവാൻ പര്യാപ്തമല്ലയോ?

**മേരി അഞ്ചൻ, തുംകൂർ**
*ചീഫ് എഡിറ്റർ*

# അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ്
## (Annamma Charles John Writers Award)

**ക്രൈ**സ്തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാലേഖകർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക എന്ന് നേരത്തെ അറിയിച്ചിരുന്നുവല്ലോ. തദനുസൃതമായി കഴിഞ്ഞ ഒരു വർഷം ഞങ്ങൾക്കു ലഭിച്ച ലേഖനങ്ങളിൽ സമ്മാനാർഹമായവയുടെ രചയിതാക്കളുടെ പേരുകൾ താഴെ ചേർക്കുന്നു.

**Distinguished Writer's Award - 2021:** Rs. 10,000 cash prize and a plaque.

**Mrs. Joyamma Samson,** Kollam

**Runner up Award** (ചീഫ് എഡിറ്ററുടെ പ്രോത്സാഹന സമ്മാനം): Rs. 5000 cash prize and a plaque.

**Dr. Helen Abaraham,** Chennai

ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, വനിത പ്രസാധകൻ, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരുന്നു അവാർഡു ലഭിക്കുവാൻ അർഹരായ ലേഖനകർത്രികളെ തിരഞ്ഞെടുത്തത്.

ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന 'പുതുമുഖ'ങ്ങളെ ഇനിയും ധാരാളമായി ക്രൈസ്തവകൈരളിക്കു ദൈവം പ്രദാനം ചെയ്യട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**പത്രാധിപർ**

# യഹോവയ്ക്ക് വായ്പ കൊടുക്കാറുണ്ടോ?



എൽസി ബേബി, ന്യൂയോർക്ക്

"നമുക്ക് ദൈവത്തിനു വായ്പ കൊടുക്കാനാകുമോ? അത് ദൈവം നമ്മുടെ കരങ്ങളിൽ നിന്നും വാങ്ങുമോ? അതിന് ആധാരമായി "എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു; അവൻ ചെയ്ത നന്മയ്ക്കു അവൻ പകരം കൊടുക്കും" (സദൃ. 19:17) എന്ന തിരുവചനത്തിൽ നിന്നുമുള്ള വാക്യമാണ് ചൂണ്ടിക്കാണിച്ചത്. ഇത് ദൈവം തന്നെ അരുളിച്ചെയ്ത വാക്കുകളാകുന്നു. അതിന്റെ സാരം നാം ദരിദ്രരെ സഹായിക്കുന്നത് ദൈവത്തിനു വേണ്ടി ചെയ്യുന്ന ഒരു നന്മ പ്രവൃത്തിയായിട്ടാണ് ദൈവം കരുതുന്നത്. അതിനു പ്രതിഫലമായി ദൈവം നമ്മെ സഹായിക്കും എന്നു സാരം. അതിനുള്ള പല ഉദാഹരണങ്ങൾ പലരുടേയും ജീവിതാനുഭവങ്ങളിൽ നിന്നും നാം കേട്ടിട്ടുണ്ടല്ലോ. "ഓഗസ്റ്റ് ഹെർമൻ ഫ്രാങ്ക്" എന്ന ഒരു ഭക്തൻ പണ്ട് ഒരു അനാഥ ശാല നടത്തിയിരുന്നു. ദൈവത്തിലുള്ള വിശ്വാസത്തോടെ വളരെ ഞെരുക്കത്തിലായിരുന്നു അദ്ദേഹം അനാഥക്കുഞ്ഞുങ്ങളെ പോറ്റി പുലർത്തിയിരുന്നത്. ഒരിക്കൽ സാധുവായ ഒരു വിധവ അദ്ദേഹത്തെ സമീപിച്ച് എന്തെങ്കിലും ഒരു സഹായം ചെയ്യണേ എന്നപേക്ഷിച്ചു. അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നതുമായ ഒരു തുക അദ്ദേഹം അവർക്കു നല്കി. ചില നാളുകൾക്കു ശേഷം അവൾ അദ്ദേഹത്തിനു നന്ദി പറഞ്ഞ് ഒരു കത്തയച്ചു. അതിൽ അവൾ ദിനം തോറും അദ്ദേഹത്തിനുവേണ്ടി മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നുണ്ടെന്നും സൂചിപ്പിച്ചിരുന്നു. അത്ഭുതമെന്നു പറയട്ടെ അദ്ദേഹം അവളെ സഹായിച്ചതിന്റെ പിറ്റേനാൾ ആരോ അതിനേക്കാൾ ഇരട്ടി വരുന്ന ഒരു തുകയുമായി അദ്ദേഹത്തെ സമീപിച്ചു. അധികം താമസിയാതെ ആ നാട്ടിലെ ഒരു ധനികൻ വലിയൊരു തുക സംഭാവനയായി ഫ്രാങ്കിന്റെ അനാഥ ശാലക്കു നല്കുകയുണ്ടായി. തീർന്നില്ല ആ ദേശത്തിലെ ഒരു കോടീശ്വരൻ തന്റെ മരണസമയത്ത് തനിക്കുണ്ടായിരുന്ന സകല സമ്പത്തും ഫ്രാങ്കിന്റെ അനാഥാലയത്തിലേക്ക് എഴുതിവച്ചിരിക്കുന്നു എന്ന വാർത്തയാണ് അദ്ദേഹത്തെ അത്ഭുതപ്പെടുത്തിയത്. "എളിയവരോടു കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്ക് അവൻ പകരം കൊടുക്കും" എന്ന തിരുവചനം എത്രയോ വാസ്തവമാകുന്നു എന്നു തെളിയിക്കുവാൻ ഇതിലേറെ തെളിവു വേറെ വേണമോ?

"എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ; അനർത്ഥദിവസത്തിൽ യഹോവ അവനെ വിടുവിക്കും" (സങ്കീ.41:1). എന്നതിന്നു സംശയം വേണ്ടാ. ദൈവം തന്നെ ജനത്തിന്നു നല്കിയ ന്യായപ്രമാണങ്ങളിൽ ദരിദ്രരായ സഹോദരന്മാരെ സഹായിപ്പാൻ കല്പിച്ചിരിക്കുന്നു. ദരിദ്രനായ സഹോദരന്റെ നേരെ നിന്റെ ഹൃദയം കഠിനമാക്കരുതെന്നും, നീ അവനെ സഹായിച്ചേ മതിയാവൂ; കൊടുക്കുമ്പോൾ ഹൃദയത്തിൽ വ്യസനം തോന്നരുതെന്നും ദൈവം കർശനമായി കല്പിച്ചിരിക്കുന്നു. എളിയവനോടു കൃപ കാട്ടുന്നവൻ ഭാഗ്യവാൻ എന്നും എളിയവനെ പീഡിപ്പിക്കുന്നവൻ അവന്റെ സ്രഷ്ടാവിനെ നിന്ദിക്കുന്നുവെന്നും പറഞ്ഞിരിക്കുന്നു. ദരിദ്രനോടു കൃപ കാണിക്കുന്നവൻ അവനെ-സ്രഷ്ടാവിനെ-ബഹുമാനിക്കുന്നു എന്നുമാണല്ലോ തിരുവചനം. എളിയവന്റെ നിലവിളിക്കു ചെവി പൊത്തിക്കളയുന്നവൻ നിലവിളിച്ചാൽ ദൈവം കേൾക്കയില്ല എന്നും പറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള അനവധി തിരുവചനങ്ങൾ എളിയവരോടു കൃപ കാണിക്കുന്നതിനേക്കുറിച്ചു പറഞ്ഞിരിക്കുന്നത് പ്രായോഗിക

ജീവിതത്തിൽ പ്രവർത്തിപ്പാനായി അനേകം ദരിദ്രരും, അനാഥരും, വിധവമാരും നമ്മുടെ ഇടയിൽ ധാരാളമുണ്ടല്ലോ. അവരിലൂടെ ദൈവത്തെ സ്നേഹിപ്പാനും, സേവിപ്പാനുമുള്ള അവസരങ്ങൾ പാഴാക്കിക്കൂടാ. യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ കൊടുക്കുന്നതിനേക്കുറിച്ച് "കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും. അമർത്തി കുലുക്കി കവിയുന്നോരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കുകിട്ടും" എന്നരുളിച്ചെയ്തിരിക്കുന്നത് നാം പ്രവർത്തിച്ച് അനുഭവമാക്കേണ്ട നന്മയാകുന്നു. നമ്മുടെ കർത്താവ് സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപയാകുന്നു നമുക്കു മാതൃകയായി നല്കിയിരിക്കുന്നത്. ഒരിക്കൽ ക്രിസ്തു ദൈവാലയത്തിൽ പുരുഷാരം ഭണ്ഡാരത്തിൽ പണം ഇടുന്നതു നോക്കിക്കൊണ്ടിരുന്നു. ധനവാന്മാർ പലരും വളരെയധികം പണം ഇട്ടു. ദരിദ്രയായ ഒരു വിധവ വന്ന് ഒരു പൈസക്കു ശരിയായ രണ്ടു കാശ് ഇട്ടു. യേശു പറഞ്ഞത് "ഭണ്ഡാരത്തിൽ ഇട്ട എല്ലാവരേക്കാളും ഈ ദരിദ്രയായ വിധവ അധികം ഇട്ടിരിക്കുന്നു. എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നും ഇട്ടു. ഇവളോ തന്റെ ഇല്ലായ്മയിൽ നിന്നും തനിക്കുള്ളതൊക്കെയും, തന്റെ ഉപജീവനം മുഴുവനും ഇട്ടു" എന്നായിരുന്നു. നാം എത്ര കൊടുത്തു എന്നതിനേക്കാൾ എങ്ങനെ കൊടുത്തു എന്നതാണ് ദൈവം നോക്കുന്നത്. ദൈവം തന്റെ പ്രിയപുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി നല്കി നമ്മെ സ്നേഹിച്ചു വീണ്ടെടുത്തു രക്ഷിച്ച് സ്വന്ത മക്കളാക്കിത്തീർത്തത് സൽപ്രവൃത്തികൾ ചെയ്യേണ്ടതിന്നാകുന്നു. നമുക്കുള്ളതെല്ലാം ദൈവം നമുക്കു ദാനമായി നല്കിയിട്ടുള്ളവയാകുന്നു. ഇല്ലാത്തവർക്കുവേണ്ടി പങ്കുവയ്ക്കുവാനായി നമ്മെ ഭരമേല്പിച്ചിരിക്കയാകുന്നു. നാം അനുസരിക്കാതിരുന്നാൽ അവയെല്ലാം നമ്മിൽ നിന്നും എടുത്ത് അതിന്നർഹരായവർക്കു നല്കും. എന്നാൽ നാം അനുസരിച്ചാൽ ദൈവം ആകാശത്തിന്റെ കിളിവാതിൽ തുറന്ന് സ്ഥലം പോരാതെ വരുവോളം നമ്മുടെമേൽ അനുഗ്രഹം പകരും" എന്നത് അനുഭവിച്ചറിയേണ്ടതാകുന്നു. നമ്മുടെ ഉപവാസവും, പ്രാർത്ഥനയും, പ്രസംഗങ്ങളും, സുവിശേഷഘോഷണങ്ങളുമൊക്കെ നല്ലതുതന്നെ. എന്നാൽ അവയൊക്കെ ദൈവത്തിന്നു പ്രസാദകരമാകണമെങ്കിൽ നാം ദൈവഹിതപ്രകാരം വിശപ്പുള്ളവനു നിന്റെ അപ്പം നുറുക്കി കൊടുക്കുന്നതും, അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തു കൊള്ളുന്നതും, നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും, നിന്റെ മാംസ രക്തങ്ങളായിരിക്കുന്നവർക്കു നിന്നേത്തന്നെ മറയ്ക്കാതിരിക്കുന്നതും ആകുന്നു. അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും. നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും. നിന്റെ നീതി നിനക്കു മുമ്പായി നടക്കും. യഹോവയുടെ മഹത്ത്വം നിന്റെ പിമ്പടയായിരിക്കും. ഈ തിരുവചനങ്ങളൊക്കെ നാം അനുസരിക്കേണ്ടതിന്നാണല്ലോ നമുക്കു നല്കിയിരിക്കുന്നത്. നമ്മുടെ പല പ്രാർത്ഥനകൾക്കും ഉത്തരം ലഭിക്കാത്തതിന്റെ കാരണം നമ്മുടെ പാപങ്ങളാകുന്നു. കാരണം നന്മ ചെയ്യാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപം തന്നെ. നന്മ ചെയ്കയിൽ നാം മടുത്തു പോകരുത്. തളർന്ന് പോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും. ആകയാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക.

പ്രിയമുള്ളവരേ, ഇന്നു നമ്മുടെ ചുറ്റുപാടും ഒന്നു കണ്ണോടിച്ചാൽ ഭക്ഷണമില്ലാതെ, കിടപ്പാടമില്ലാതെ ഉടുതുണിക്കു മറുതുണിയില്ലാതെ കടബാദ്ധ്യതകളാലും, ചികിത്സിക്കാൻ പണമില്ലാതെയും, വിവാഹപ്രായമായ മക്കളെ കെട്ടിച്ചയയ്ക്കാൻ വകയില്ലാതെയും മറ്റും ഞെരുങ്ങി കഷ്ടപ്പെട്ടു നിരാശയിൽ കഴിയുന്ന എത്രയോ ആയിരങ്ങളാണുള്ളത്? അവരെ കണ്ടില്ല, അറിഞ്ഞില്ല എന്നൊക്കെ പറഞ്ഞു ഒഴിഞ്ഞുമാറിയാലുള്ള അവസ്ഥ നാം ചിന്തിക്കുന്നതിലുമധികം ഭീകരമായിരിക്കും. അവരിലേക്കു സഹായ ഹസ്തങ്ങൾ നീട്ടുവാനാണ് ദൈവം നമ്മെ സമൃദ്ധിയിലാക്കി വച്ചിരിക്കുന്നതെന്നോർക്കുക. എളിയവരോടു കൃപ കാട്ടുവാനുള്ള അവസരം പാഴാക്കരുത്. നിങ്ങളുടെ ഹൃദയം കഠിനമാക്കാതെ എളിയവരിലേക്കിറങ്ങിച്ചെന്ന് നമ്മളാലാവോളം സഹായിപ്പാൻ ഈ ലേഖനം സഹായമായിത്തീരട്ടെ! ▣

# വിശുദ്ധ ജീവിതം

ശേബ ജസ്റ്റിൻ, അഞ്ചുതെങ്ങ്



**ലോ**കത്തിൽ ദൈവം നമുക്കു നല്കിയ ജീവിതം ഒന്നേയുള്ളൂ..! അതു വളരെ പ്രധാന പ്പെട്ടതാണ്. നാം ഓരോരുത്തരും എത്രകാലം ലോകത്തിൽ ജീവിച്ചു എന്നുള്ളതല്ല എങ്ങനെ ജീവിച്ചു എന്നുള്ളതിനാണ് പ്രാധാന്യം. നമ്മുടെ വ്യക്തിജീവിതങ്ങളിൽ ഒന്ന് തിരിഞ്ഞു നോക്കാം. നാം പലപ്പോഴും വിശുദ്ധ ജീവിതം നയിക്കുവാൻ കഴിയാതെ പരാജയപ്പെടുന്നു. വിശുദ്ധവേദപുസ്ത കത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു മനുഷ്യനിൽ നിന്നും പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാ ക്കുന്നത്. അകത്തു നിന്നും മനുഷ്യരുടെ ഹൃദയ ത്തിൽ നിന്നും തന്നെ ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം... എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തു നിന്നു പുറപ്പെട്ട് മനുഷ്യനെ അശുദ്ധനാക്കുന്നു. മർക്കൊസ് 7:20-23. വിശുദ്ധജീവിതം നയിച്ച കർത്താവിന്റെ വാക്കുകളാണിവ. വിശുദ്ധജീവിതം എന്നതു ദൈവം വിശ്വാസികൾക്കു നല്കിയിരി ക്കുന്ന ഒരു ദാനമാണ്. പലപ്പോഴും നാം ലോക ത്തിൽ ആയിരിക്കുമ്പോൾ വളരെയധികം തെറ്റുകൾ ചെയ്തുപോകാറുണ്ട്. എന്നാൽ അതെല്ലാം നമുക്കു തുറന്നു ദൈവത്തോട് ഏറ്റുപറയുമ്പോൾ അതു ദൈവം നമുക്കു ക്ഷമിച്ചു തരും. 1 യോഹ.1:9-ൽ ഇങ്ങനെ എഴുതിയിരിക്കുന്നു. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും, നീതിമാനും ആകുന്നു.

രക്ഷിക്കപ്പെട്ട എല്ലാ വ്യക്തികൾക്കും പാപം ചെയ്യുന്നതിനു തൊട്ടുമുമ്പായി നമ്മുടെ ഹൃദയത്തിൽ പരിശുദ്ധാത്മവിന്റെ പ്രേരണ ഉണ്ടാകും. ഈ ലോകത്തിൽ ആയിരിക്കുമ്പോൾ ആ പരിശുദ്ധാത്മാവിനെ ഒരിക്കലും ദുഃഖിപ്പിക്കാ തവണ്ണം നമുക്കു മുമ്പോട്ടു പോകാം. ലോക സ്നേഹം വെറുത്തു അനിന്ദ്യരും പരമാർത്ഥി കളും ദൈവത്തിന്റെ നിഷ്കളങ്ക മക്കളുമായി ജീവന്റെ വചനം അനുസരിച്ച് ഈ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കണം എന്ന് വിശുദ്ധനായ കർത്താവ് ആഗ്രഹിക്കുന്നു. എന്നാൽ ഇന്നു വിശ്വാസികളെയും അവിശ്വാ സികളെയും തിരിച്ചറിയാൻ കഴിയാത്ത കാല മായി മാറിക്കൊണ്ടിരിക്കുന്നു. ഒരു ദിവസം എപ്പോഴെങ്കിലും ഒരു നേരം നമുക്കു നമ്മളെ തന്നെ ശോധന ചെയ്യാം. എന്തെല്ലാം കഷ്ടങ്ങൾ വന്നാലും, പ്രതിസന്ധികൾ വന്നാലും വിളിച്ച ദൈവം വിശ്വസ്തൻ എന്നെണ്ണിക്കൊണ്ട് മുന്നോട്ട് പോകാം. ബൈബിളിൽ നിന്നും വിശുദ്ധ ജീവിതം നയിച്ച 2 പേരെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്താം. 1. ദാനീയേൽ. 2. യോസേഫ്.

**1. ദാനീയേൽ:** രാജഭക്ഷണത്തിനു പകരം ശാകപദാർത്ഥങ്ങൾ കഴിച്ചുകൊണ്ട് ദൈവ കല്പന വിട്ട് അവർ പാപം ചെയ്യുകയില്ല എന്ന ഉറച്ച തീരുമാനം എടുത്തതുകൊണ്ട് ദാനീയേൽ വിശുദ്ധജീവിതം കാത്തുസൂക്ഷിച്ചു. അതു കൊണ്ട് ദൈവം ദാനിയേലിനെ അവിടെ ഉന്നത പദവിയിലേക്കു ഉയർത്തി.

**2. യോസേഫ്:** മിസ്രയീമിൽ പോത്തിഫറിന്റെ വീട്ടിൽ അടിമയാക്കപ്പെട്ട യോസേഫ് താൻ അവിടെ ചെയ്യുന്നതെല്ലാം യഹോവ സാധിച്ചു കൊടുക്കുന്നതും അവിടെ അവൻ നീതിമാനായി ജീവിക്കുന്നതും കണ്ടിട്ട് യജമാനൻ അവിടെ

*ശേഷം 11-ാം പേജിൽ*

# നമ്മുടെ അവകാശം

മോളിക്കുട്ടി ചാക്കോ, കണ്ണൂർ



നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിന്നായി തന്നേ വീണ്ടും ജനിപ്പിച്ചിരിക്കുന്നു.

ക്രൈസ്തവ വനിത വായനക്കാർക്കു പുതുവത്സര ആശംസ നേരുന്നു! പ്രിയരെ, നാം ഓരോരുത്തരും അനേകം പ്രതീക്ഷകളോടെയാണ് പുതുവത്സരത്തെ വരവേല്ക്കുന്നത്. ഈ പുതുവത്സരം എല്ലാവർക്കും ശാന്തിയും, സമാധാനവും, സമൃദ്ധിയും കൊണ്ടുവരുവാൻ പ്രാർത്ഥിക്കാം. കഴിഞ്ഞു പോയ വർഷം എന്തെല്ലാം ആണ് ലോകത്തിൽ സംഭവിച്ചത് എന്ന് ചിന്തിക്കുവാൻ പോലും ആവുന്നില്ല. ഒരു ചെറിയ സൂക്ഷ്മ ജീവിയായ വൈറസ് ലോകത്തെ മുൾമുനയിൽ നിറുത്തി. എത്രയോ ലക്ഷങ്ങൾ ഭൂമിയിൽ നിന്നും മരണം മുഖാന്തരം മാറ്റപ്പെട്ടു. കൃപയാൽ ഇന്ന് ദൈവമക്കളാകുന്ന ഓരോരുത്തരും സർവ്വശക്തനായ ദൈവത്തിന്റെ ചിറകിൻ കീഴിൽ മറച്ചു അവിടുത്തെ ദയകൊണ്ടുപൊതിഞ്ഞു സൂക്ഷിച്ചു. “രാവിലെ നിന്റെ ദയയേയും രാത്രിതോറും നിന്റെ വിശ്വസ്തതയേയും വർണ്ണിക്കുന്നതും നല്ലത്” (സങ്കീ.92:3). പ്രകൃതിക്ഷോഭങ്ങളും വലിയ കോവിഡ് പോലെയുള്ള മഹാമാരികൾ ഒന്നും ഉണ്ടാകാതിരിക്കാൻ നമ്മുടെ തെറ്റുകളെ ഒക്കെ ഏറ്റു പറഞ്ഞ് ദൈവത്തോട് ഈ പുതുവത്സരത്തിലും യാചിക്കാം. നാം ഓരോരുത്തരും പുതിയ വർഷത്തിൽ പുതിയ പുതിയ തീരുമാനങ്ങൾ എടുത്തിട്ടുണ്ടാവാം. ഈ പുതിയ വർഷം ഒരു യുഗത്തിന്റെ തുടക്കമായിത്തീരട്ടെ.

ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്റെമേൽ ഇരിക്കുന്നു (ആവ.11:2).

**നമ്മുടെ അവകാശം:** നമുക്കായി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന അവകാശം ക്ഷയം, മാലിന്യം, വാട്ടം ഇല്ലാത്തതാകുന്നു. അത് ഒരു കണ്ണ് കണ്ടിട്ടില്ല. ഒരു ചെവി കേട്ടിട്ടില്ല. ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിട്ടുമില്ല (1 കൊരി. 2:9). യിസ്രയേലിന് ലഭിച്ച വാഗ്ദത്തം ഭൗമിക നന്മയാണ് (ആവ. 15:4, 6). എന്നാൽ രക്ഷിക്കപ്പെട്ടവർക്ക് ക്രിസ്തുവും, നിത്യജീവനും, സ്വർഗ്ഗത്തിലെ സകല ആത്മിക നന്മകളുമാണ്. മക്കൾക്ക് പിതൃസ്വത്ത് അവരുടെ അദ്ധ്വാനം കൂടാതെ സൗജന്യമായി അവകാശപ്പെട്ടതാണ്.

**ക്ഷയം:** യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നമ്മൾ വിശ്വസിക്കുന്നു. കാരണം പാപികളായ നമ്മെ ഓരോരുത്തരെയും പിതാവായ ദൈവം സ്നേഹിച്ചു. അവസാനത്തോളം തന്റെ പുത്രനെ തന്നു സ്നേഹിച്ചു. നമുക്കുവേണ്ടി തന്റെ പുത്രനെ തകർത്തുകളയുവാൻ പിതാവിനു ഹിതമായി. അവിടുത്തെ പുത്രന്റെ കാൽവറി ക്രൂശിലെ യാഗത്തിൽ പിതാവ് പ്രസാദിച്ചു. സകല മനുഷ്യവർഗ്ഗത്തിന്റെയും പാപം തന്റെ പുത്രൻ ക്രൂശിൽ രക്തം ചൊരിഞ്ഞു വീണ്ടെടുത്തു. ഈ ക്രൂശിൽ ചൊരിഞ്ഞ പുത്രന്റെ രക്തത്താൽ നമ്മുടെ പാപത്തിന് പരിഹാരം കണ്ടു. കൃപയാൽ വിശ്വസിക്കുവാൻ നമുക്കു ഇടയായി. ലംഘനം ക്ഷമിച്ചും. പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ (സങ്കീ. 32:1). കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ,

ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവ വചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു (1 പത്രൊസ് 1:23). മനുഷ്യന്റെ വീണ്ടുംജനനം ദൈവത്തിന്റെ ഇഷ്ടത്താലും, പരിശുദ്ധാത്മ പ്രവർത്തനത്താലും, സത്യ വചനത്താലുമാണ് സാധിക്കുന്നത്.

നാം പാപികളും ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു (എഫെസ്യ 2:12). ദൈവവിരോധികളും ശത്രുക്കളുമായിരുന്ന നമ്മോട് മനസ്സലിഞ്ഞ് തന്റെ കരുണാധിക്യ പ്രകാരം നമ്മെ തിരഞ്ഞെടുത്ത് സ്വന്ത ജനമായിരിക്കേണ്ടതിന് പുത്രന്റെ രക്തത്താൽ നമ്മെ ദൈവത്തിനായി വിലയ്ക്കു വാങ്ങി. സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു; നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുത്തു. സ്വർഗ്ഗത്തിൽ സംഗ്രഹിച്ചിരിക്കുന്ന ജീവനുള്ള പ്രത്യാശ തരുന്നതിനു നമ്മെ തിരഞ്ഞെടുത്തു.

ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന്നു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു. പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നതു. കാണുന്ന പ്രത്യാശയോ പ്രത്യാശയല്ല. (റോമർ 8:23,24) നാം കാണാത്തതിനായി പ്രത്യാശിക്കുന്നു. അതേ! കർത്താവ് വേഗം വരുമെന്നുള്ളതാണ് നാം അവനെ നേരിൽ കാണും. നാം അവനെ കാണുമ്പോൾ നമ്മുടെ പ്രത്യാശ പൂർണ്ണമാകും. ആ കാലം സമീപമായി. നിത്യജീവന്റെ പ്രത്യാശ (തീത്തൊസ് 1:2). ജീവനുള്ള പ്രത്യാശ (1 പത്രൊസ് 1:3). കർത്താവിന്റെ വരവുവരെ നില്ക്കുന്ന പ്രത്യാശ (1 കൊരി. 13:13). നീതിമാന്നോ മരണത്തിലും പ്രത്യാശയുണ്ട് (സദൃ. 14:32). മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു (കൊലൊസ്യർ 1:27). ആകയാൽ വിശ്വാസം, സ്നേഹം, പ്രത്യാശ ഈ മൂന്നും നിലനില്ക്കുന്നു. ഇവയിൽ വലുതോ സ്നേഹം തന്നെ. എന്നാൽ കർത്താവിനെ മുഖാമുഖമായി നാം കണ്ടു കഴിയുമ്പോൾ വിശ്വാസം, പ്രത്യാശ ഇവ പൂർണ്ണമാകും (തീർന്നുപോകും) സ്നേഹം എന്നും നിലനില്ക്കും.

**മാലിന്യമില്ലാത്തത്:** പാപത്തിന്റെ മാലിന്യം ഏല്ക്കാത്തതാണ് നമ്മുടെ അവകാശം. വ്യർത്ഥവും പിതൃ പാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു, പൊന്നു, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നവല്ലോ. അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾനിമിത്തം ഈ അന്ത്യകാലത്തു വെളിപ്പെട്ടവനും ആകുന്നു (1 പത്രൊസ് 1:18, 19, 20). പാപമില്ലാത്ത പരിശുദ്ധമായ യേശുക്രിസ്തുവിന്റെ കാൽവറി ക്രൂശിൽ ചൊരിഞ്ഞ രക്തത്താലാണ് നമ്മെ വീണ്ടെടുത്തത്. പാപം ഇല്ലാത്ത മാലിന്യമോ, അശുദ്ധിയോ ഒന്നും ഇല്ലാത്ത രക്തത്താലാണ് പാപികളായി അശുദ്ധരായി ജീവിച്ച ഒരു കാലത്ത് ദൈവസന്നിധിയിൽ കടന്നു ചെല്ലുവാൻ യോഗ്യതയില്ലാത്ത നമ്മെ അവിടുത്തെ (ക്രൂശിലെ) രക്തത്താൽ ശുദ്ധീകരിച്ചു പാപം പോക്കി നമ്മെ അവന്റെ മക്കളാക്കി തീർത്തു. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7).

**വാട്ടമില്ലാത്തത്:** വെയിലത്ത് പൂക്കൾ വാടുന്നതുപോലെ ക്ഷണികമായതല്ല, എന്നേക്കും നില്ക്കുന്ന വലിയ അവകാശമാണ് സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നത്. നാം വാഗ്ദത്തത്തിന്റെ അവകാശികളാകുന്നു. നിത്യജീവന്റെ അവകാശികൾ ആണ്. നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ

ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു (1 പത്രൊ. 2:9). ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നാം ദൈവത്തിന്റെ മക്കളും അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും തന്നേ (റോമർ 8:17). അധർമ്മികളും പാപികളും, ബലഹീനരും, ശത്രുക്കളും ദൈവവിരോധികളുമായിരുന്ന നമുക്ക് പുത്രത്വവും സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹങ്ങളും അവകാശങ്ങളും തന്ന് ഭൂമിയിൽ കഷ്ടങ്ങളുടെയും, വേദനകളുടെയും നടുവിൽ പ്രത്യാശയോടെ ജീവിപ്പാൻ കൃപയും ശക്തിയും പകർന്നുതന്ന് നമ്മെ അവിടവിടെ ആക്കിവെച്ചിരിക്കുന്നു. ക്ഷയം, മാലിന്യം, വാട്ടം ഇല്ലാത്ത സ്വർഗ്ഗത്തിലെ അവകാശം പ്രാപിപ്പാൻ ഇനിയും അധികം കാലതാമസം ഈ ഭൂമിയിൽ ഉണ്ടായിരിക്കുകയില്ല. കാഹളനാദത്തിന്റെ ശബ്ദം കേൾപ്പാൻ സമയമായി എത്രയും വേഗം അതു സംഭവിക്കും.

കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു. "സകല ജഡവും പുല്ലുപോലെയും, അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂ പോലെയും ആകുന്നു; പുല്ലുവാടി, പൂവുതിർന്നു പോയി; കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു" (1 പത്രൊസ് 1:24, 25). നാം കർത്താവിന്റെ വചനത്താലാണ് വീണ്ടും ജനിച്ചിരിക്കുന്നത്. കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കും. (1 പത്രൊസ് 5:4) ഇടയശ്രേഷ്ഠൻ വെളിപ്പെടുമ്പോൾ (പ്രത്യക്ഷനാകുമ്പോൾ) നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും, ക്ഷയം, മാലിന്യം, വാട്ടം ഇവ ഒന്നും ഇല്ലാത്ത വാടാത്ത കിരീടം പ്രാപിപ്പാൻ ഒരുങ്ങാം. ഇവയൊന്നും ഇല്ലാത്തതുമായ അവകാശത്തിന്നായി തന്നേ നാം ഓരോരുത്തരും വീണ്ടും ജനിച്ചിരിക്കുന്നത്. അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ വലിയതാണ് നമ്മുടെ വിശ്വാസം. ആയതിനാൽ വിശുദ്ധിയോട് ജീവിക്കാം. കർത്താവ് വേഗം വരും നമ്മെ ചേർക്കും. സ്വർഗ്ഗത്തിൽ നമുക്കായി സൂക്ഷിച്ചിരിക്കുന്ന അവകാശം നമുക്ക് ലഭിക്കും. ഈ ഭൂമിയിൽ കർത്താവിനുവേണ്ടി ചെയ്തതിന്റെ പ്രതിഫലവും അന്ന് കർത്താവു തരും.

കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും, ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും (1 തെസ്സ.4:16, 17). ▣

## Quest 80-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി
2. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
3. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
4. എത്സി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
5. ബിന്ദു സി.എസ്. വഞ്ചിയൂർ, തിരുവനന്തപുരം
6. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
7. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം

**Quest 80-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.**

-ക്വിസ് മാസ്റ്റർ

# ദൗത്യ വാഹക

എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ



**വി.** വേദപുസ്തകത്തിൽ ന്യായാധിപന്മാരുടെ പുസ്തകം 13-ാം അദ്ധ്യായം 2-7 വരെയുള്ള വേദഭാഗങ്ങളിൽ ഇപ്രകാരം കാണുന്നു. "എന്നാൽ ദാൻ ഗോത്രത്തിൽ ഉള്ളവനായ സോരാഥ്യനായ ഒരു പുരുഷൻ ഉണ്ടായിരുന്നു. അവന് മനോഹ എന്നു പേർ; അവന്റെ ഭാര്യ മച്ചിയായിരിക്കകൊണ്ട് പ്രസവിച്ചിരുന്നില്ല. ആ സ്ത്രീക്ക് യഹോവയുടെ ദൂതൻ പ്രത്യക്ഷനായി അവളോട് പറഞ്ഞത്; നീ മച്ചിയല്ലോ, പ്രസവിച്ചിട്ടുമില്ല; എങ്കിലും നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. ആകയാൽ നീ സൂക്ഷിച്ചു കൊൾക, വീഞ്ഞും മദ്യവും കുടിക്കരുത്. അശുദ്ധമായതൊന്നും തിന്നുകയുമരുത്. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുവിക്കരുത്. ബാലൻ ഗർഭം മുതൽ ദൈവത്തിന് നാസീരായിരിക്കും. അവൻ യിസ്രായേലിനെ ഫെലിസ്ത്യരുടെ കൈയിൽ നിന്നും രക്ഷിപ്പാൻ തുടങ്ങും".

ഈ പ്രസക്ത ഭാഗങ്ങളിലൂടെ നമുക്ക് കാണുവാൻ കഴിയുന്നത് ഫെലിസ്ത്യരിൽ നിന്നും യിസ്രായേൽ ജനത്തെ വിടുവിക്കുവാൻ ദൈവം ആവിഷ്ക്കരിച്ച ദൈവിക പദ്ധതിയായ ശിംശോന്റെ ജനനം സോരാഥ്യനായ മനോഹയുടെ ഭാര്യയിലൂടെ സാക്ഷാൽക്കരിക്കുന്ന ഒരു ചിത്രമാണ്. ഏതവസ്ഥയിലായിരുന്നാലും യാതൊരു വ്യവസ്ഥകളുമില്ലാതെ തന്റെ ദൗത്യത്തിനായി ആരെയും കരങ്ങളിലെടുത്തുപയോഗിക്കുന്ന സ്നേഹവാനായ ദൈവത്തെയും കാണാമിവിടെ.

ഇവിടെ ദൈവിക പദ്ധതിയുടെ നിവർത്തീകരണത്തിനായി തിരഞ്ഞെടുത്ത സ്ത്രീയോട് ഗർഭം മുതൽ ഏതെല്ലാം കാര്യങ്ങളിൽ നിന്നും വേർപ്പെട്ടിരിക്കണമെന്നു നിർദ്ദേശിക്കുന്നു. ആദ്യമായി സ്വയമായി സൂക്ഷിക്കുക. അവളിലുള്ള വിശ്വാസത്തെ ദുഷ്ടൻ തകർക്കാൻ സാദ്ധ്യതയുണ്ടെന്ന് മുന്നറിയിപ്പ് നല്കുന്നു. ഭക്ഷണ പാനീയങ്ങളിലെ മിതത്വം. അശുദ്ധമായതൊന്നും തിന്നുകയുമരുത്. ഹവ്വായെ സാത്താൻ ചതിച്ചതുപോലെ കണ്ണിനു കുളിർമ നല്കുന്നവയിൽ നിന്നും ഒഴിഞ്ഞു നില്ക്കാനാണ് അവളോട് പറഞ്ഞത്. ഗർഭത്തിലുള്ള പ്രജ ദൈവത്തിനു നാസീരായതുകൊണ്ട് അവനെ വഹിക്കുന്നവളും വിശുദ്ധിയും വേർപാടും ഉള്ളവളായിരിക്കണമെന്നു ദൈവം നിഷ്കർഷിക്കുന്നു.

എന്നാൽ തിരുവചനത്തിൽ പേര് രേഖപ്പെടുത്താത്ത വ്യക്തികളെ കാണാൻ കഴിയും. പക്ഷേ അവരിലൂടെ നടന്ന പ്രവൃത്തികളെ തിരുവചനത്തിൽ പരാമർശിച്ചിട്ടുമുണ്ട്. യേശുക്രിസ്തുവിന്റെ കൈയിൽ അഞ്ചപ്പം കൊടുത്ത ബാലകൻ, നയമാന്റെ കുഷ്ഠരോഗം മാറാൻ കാരണക്കാരിയായ അടിമപ്പെൺകുട്ടി, രണ്ടു കാശിട്ട വിധവ, പെസഹാ ആചരിക്കാൻ മാളികമുറി ഒരുക്കിയ വീട്ടുടമസ്ഥൻ തുടങ്ങിയവരുടെ പേരുകൾ അറിയില്ല. ഇതുപോലെ തന്നെയാണ് മനോഹയുടെ ഭാര്യയുടെ പേരും എങ്ങും പരാമർശിച്ചതായി കാണുന്നില്ല തിരുവചനത്തിൽ.

എന്നാൽ സമ്പന്നതയുടെ മടിത്തട്ടിൽ ശ്രേഷ്ഠ കുടുംബ ജീവിതം നയിക്കവേ മക്കളില്ലാതെ ദീർഘനാളുകൾ ദൈവസന്നിധിയിൽ ദുഃഖം പകർന്നുകൊണ്ടിരുന്നവരായ അനേകം സ്ത്രീകളെ തിരുവചനത്തിൽ നമുക്കു

കാണാം. സാറാ, റിബേക്ക, ഹന്ന, എലിസബത്ത് തുടങ്ങിയവർ. എന്നാൽ അല്പം വൈകിയ വേളയെന്നു തോന്നാമെങ്കിലും ദൈവം അവർക്ക് മക്കളെ നല്കി. അവർക്ക് ദൈവം നല്കിയ മക്കൾ പലരും വേദപുസ്തക ചരിത്രത്തിൽ ശ്രേഷ്ഠന്മാരായി തീർന്നിട്ടുണ്ട്. അതുപോലെ മനോഹയും ഭാര്യയും ഭൗതികമായി മെച്ചപ്പെട്ടവരായിരുന്നുവെങ്കിലും ദീർഘനാളുകൾ മക്കളില്ലാത്തതിനാൽ ദുഃഖം പകർന്നുകൊണ്ടിരുന്നവർ എന്നു മനസ്സിലാക്കാം.

ഇനിയും മനോഹയുടെ ഭാര്യയിലുണ്ടായിരുന്ന ചില ഗുണവിശേഷങ്ങൾ നമുക്കു കാണാം. ദൈവത്തിൽ പതറാത്ത വിശ്വാസമുള്ളവളും ഭക്തിയോടെ ജീവിതം നയിച്ചവളുമാണ്. ന്യായാ. 13:19-23 വരെയുള്ള ഭാഗങ്ങളിലൂടെ വ്യക്തമാകുന്നത് സാഹചര്യങ്ങളെ വേണ്ടതുപോലെ വിവേകത്തോടെ അപഗ്രഥിച്ചു മനസ്സിലാക്കാൻ കഴിവുള്ളവളായിരുന്നു. ദൈവം നേരിട്ട് പ്രത്യക്ഷപ്പെട്ട് ഭാവികാര്യങ്ങൾ വെളിപ്പെടുത്തിയതനുസരിച്ച് വാഗ്ദത്ത സന്തതിക്കുവേണ്ടി വിശുദ്ധിയും വേർപാടും പാലിച്ചവളാണ്. അവളുടെ വന്ധ്യതയിലും തളരാത്ത വിശ്വാസമാണ് ദൈവത്തെ നേരിട്ട് കാണുവാൻ ഭാഗ്യമുണ്ടായത്. ദൈവം തന്റെ ഹിതം വെളിപ്പെടുത്തുന്നത് തന്നെ കാത്തിരിക്കുന്നവർക്കാണെന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

തുടർന്ന് ന്യായാ.13:18-20 വരെയുള്ള ഭാഗങ്ങളിലൂടെ വ്യക്തമാകുന്നത് സാക്ഷാൽ ദൈവം തന്നെയാണ് അവൾക്കു പ്രത്യക്ഷപ്പെട്ടത്. കാരണം ദൂതന്മാർ ആരാധന സ്വീകരിക്കുന്നില്ല വെളി. 19:10. പഴയനിയമ കാലഘട്ടങ്ങളിൽ സ്വർഗ്ഗീയ ദൂതന്മാർ വ്യക്തികൾക്ക് വെളിപ്പെട്ടിരുന്നു. ഉൽപ. 16:7 യോശു 5:14. സമൂഹങ്ങളോട് പ്രവാചകന്മാർ മുഖാന്തരം സംസാരിച്ചിരുന്നു.

അനന്തരം സ്ത്രീ ഒരു മകനെ പ്രസവിച്ചു. അവന് ശിംശോൻ എന്നു പേരിട്ടു. മാതാപിതാക്കൾക്ക് ശിംശോൻ സ്വർഗ്ഗീയ ദാനമായിരുന്നു. ബാലന്റെ കത്രിക്കാത്ത മുടി വേർപാടിന്റെ പരസ്യപ്രഖ്യാപനം ആയിരുന്നു. തന്നെയുമല്ല ദൈവിക ശക്തിയുടെ പ്രവർത്തനം മഹനേ-ദാനിൽ വച്ചു ആരംഭിച്ചു. തുടർന്നുള്ള വേദഭാഗങ്ങളിലൂടെ യിസ്രായേലിന്റെ മഹത്ത്വത്തിനായി ജീവിച്ചവനാണ് ശിംശോൻ. എന്നാൽ അനേക വീരന്മാരെ നിലംപരിചയാക്കിയ കൺമോഹം ശിംശോനെയും കീഴ്പ്പെടുത്തിയതുമൂലം വിളിയും തിരഞ്ഞെടുപ്പും നഷ്ടപ്പെടുത്തി നാശത്തിന്റെ പടുകുഴിയിലകപ്പെട്ടുപോയി.

യിസ്രായേലിനെ ഫെലിസ്ത്യരുടെ കൈയിൽ നിന്നും വിടുവിക്കുവാനായി ശിംശോനെ ഒരുക്കിയതുപോലെ ഈ കാലഘട്ടത്തിൽ അനേകരെ തീയിൽ നിന്നും വലിച്ചെടുക്കാൻ ദൈവം നമ്മെ ഓരോരുത്തരെയും അഭിഷേകം ചെയ്തിരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം നാം മറന്നു പോകരുത്. മനോഹയുടെ ഭാര്യയോടു ദൂതൻ കുറവു വെളിപ്പെടുത്തിയിട്ടാണ് വേണ്ട നിർദ്ദേശങ്ങൾ നല്കിയത്. അതുപോലെ നാം എങ്ങനെയുള്ളവരായിരുന്നുവെന്നു തിരുവചനം പറയുന്നു. എഫെ 2:1. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും-കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ രക്ഷിക്കപ്പെട്ട നമ്മോട് തിരുവചനം പറയുന്നത്.

**നീ സൂക്ഷിച്ചുകൊൾക :** നാം എന്തിലെല്ലാം സൂക്ഷിക്കണം? നമ്മുടെ വാക്കുകൾ, പ്രവൃത്തികൾ, ചിന്തകൾ, നോട്ടങ്ങൾ, കൊടുക്കവാങ്ങലുകൾ, നിരൂപണങ്ങൾ സങ്കീ. 1: ദുഷ്ടന്മാരോടുകൂടി നടക്കരുത്. പാപികളുടെ വഴിയിൽ നില്ക്കരുത്. പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുത്. ഇവിടെയെല്ലാം നാം വേർപ്പെട്ടിരിക്കണം. വീഞ്ഞും മദ്യവും കുടിക്കരുത് എഫെ. 5:18. അതിനാൽ ദുർന്നടപ്പുണ്ടാകും.

**അശുദ്ധമായതൊന്നും തിന്നരുത്:** ഭക്ഷണനിയന്ത്രണമാണ്. ശരീരത്തിന്റെ ആരോഗ്യത്തിനു ഉതകുന്ന ഭക്ഷണം മാത്രം. എന്നാൽ ശാരീരിക സുഖത്തിനും ശ്രദ്ധിക്കുന്നതും

നിർദ്ദോഷമെന്നു തോന്നിക്കുന്നതുമായ ക്രിയകളിലൂടെയാണ് സാത്താൻ ദൈവജനത്തെ വീഴ്ത്താൻ ശ്രമിക്കുന്നത്. (കണ്ണുകളുടെ ദുരാഗ്രഹത്തിലൂടെയാണ്). ഇവയിലൂടെയെല്ലാം നമ്മിലെ ദൈവവിശ്വാസത്തെ തകർത്തുകളയും. ദൈവത്തിനായി വേർതിരിക്കപ്പെട്ടവന്റെ വാക്കുകൾ എപ്പോഴും കൃപയോടുകൂടിയതായിരിക്കണം.

**വിശുദ്ധിയിൽ വളരുക :** എല്ലാവരോടും സമാധാനത്തിൽ വർത്തിച്ച് വിശുദ്ധിയിൽ വളരാം. ഭൂമിയിലുള്ളവയല്ല ഉയരത്തിലുള്ളതു ചിന്തിക്കാം. ഭൗമിക സ്വഭാവങ്ങളെ മരവിപ്പിക്കാം. ഇങ്ങനെയുള്ള ദൈവ പൈതലിനുമാത്രമേ അനേകരെ ക്രിസ്തുവിനായി നേടാനാകു. ഇങ്ങനെ നാം ആകാനാണ് ചില നിർദ്ദേശങ്ങൾ തന്നിരിക്കുന്നത്.

ഇന്ന് ദൈവഭയത്തിലും ഭക്തിയിലും ജീവിക്കുന്ന ദൈവജനത്തെ തകർക്കുവാൻ അവരുടെ സ്വന്തം നാവിനെതന്നെ പിശാച് എടുത്തുപയോഗിക്കുന്നു. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഹോദരങ്ങൾ പോലും വീണു പോകുവാൻ ഇടയാകുന്നത് ചില ദുർബ്ബല നിമിഷങ്ങളിൽ അവരിലൂടെ വരുന്ന വാക്കുകളാണെന്നുള്ള യാഥാർത്ഥ്യം അധികമാരും ശ്രദ്ധിക്കാറില്ല. ശിംശോൻ തന്റെ വിളിയും തിരഞ്ഞെടുപ്പും മഹാശക്തിയും കേവലം ഒരു വേശ്യ സ്ത്രീയുടെ മുന്നിൽ അടിയറവയ്ക്കേണ്ടതായിവന്നു. തന്മൂലം ശത്രുവിന്റെ കൈയിലേല്പിച്ച് നിലം പരിചായിപ്പോയി. ആത്മാവിന്റെ നിയന്ത്രണമില്ലായ്മയും കൺമോഹവും വരുത്തിയ മഹാവിപത്ത്.

സഹോദരങ്ങളേ, നമ്മിലെ വിളിയും തിരഞ്ഞെടുപ്പും നാം ലോകത്തിനുമുന്നിൽ അടിയറവയ്ക്കരുതെന്നാണ് വി.വേദപുസ്തകം നമ്മോടു പറയുന്നത്. നാം ആരാണെന്നും നമ്മുടെ പൗരത്വം എവിടെയാണെന്നും നാം ഏതു സംരക്ഷണവലയത്തിലാണെന്നും എന്താണ് നമ്മെ ഏല്പിച്ചിരിക്കുന്നതെന്നും ഉറപ്പുള്ളവരായിരിക്കണം. ലോകത്തിനനുരൂപരാകാതെ നമ്മിലെ കൃപയും വിശ്വാസവും തകർത്തു കളയാതെ അത്യുന്നതന്റെ മറവിൽ സർവ്വശക്തന്റെ നിഴലിൽ കീഴിൽ പാർക്കാം.

അനേക ദൈവമക്കൾ ഈയാംപാറ്റകളെപ്പോലെ തങ്ങളിലെ വിളിയും തിരഞ്ഞെടുപ്പും കാറ്റിൽ പറത്തി ലോകയിമ്പമോഹങ്ങൾക്കധീനരായിത്തീർന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആയതുകൊണ്ട് ദൈവം നമ്മിലൂടെ ആഗ്രഹിക്കുന്ന സുവിശേഷീകരണദൗത്യം വിശുദ്ധിയോടുകൂടി, വേർപാടോടുകൂടി, വിശ്വസ്തതയോടുകൂടി, ചെയ്തെടുക്കാൻ നമ്മെത്തന്നെ സൂക്ഷിച്ച് ഓരോ ദിനവും ദൈവകൃപയുടെ മറവിൽ വസിക്കാം. അനേക ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചുവച്ച നിത്യരക്ഷ നമുക്കു നല്കി; സൗജന്യമായി കിട്ടിയ രക്ഷ, പാപത്തിന്റെ അന്ധകാരത്തിൽ കഴിയുന്ന പ്രിയപ്പെട്ടവരിലേക്ക് എത്തിക്കാൻ സർവ്വ കൃപാലുവായ കർത്താവു നമ്മെ സഹായിക്കയും അനുഗ്രഹിക്കയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു. ▣

---

*പേജ് 5 ന്റെ തുടർച്ച* (വിശുദ്ധ ജീവിതം)

അവനെ ഗൃഹവിചാരകനാക്കി. എന്നാൽ പോത്തിഫറിന്റെ ഭാര്യ യോസേഫിനെ അശുദ്ധിയിലേക്ക് തള്ളിയിടുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ യോസേഫ് നിരന്തരമായ പ്രലോഭനങ്ങളിൽ കുടുങ്ങാതെയും കൺമോഹത്താലും ജഡമോഹത്താലും വീണുപോകാതെയും താൻ വിശുദ്ധ ജീവിതം കാത്തുസൂക്ഷിച്ചു. അതുകൊണ്ട് ദൈവം അവനെ മിസ്രയീമിലെ മന്ത്രിയായി ഉയർത്തി. ഈ രണ്ടു പേരുടെ ജീവിതം നമുക്കു മാതൃകയാക്കിക്കൂടെ? ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നു കർത്താവ് അരുളിച്ചെയ്തതുപോലെ നമുക്കും വിശുദ്ധജീവിതം നയിച്ച് മുന്നോട്ടു പോകാം. ദൈവനാമം മഹത്ത്വപ്പെടട്ടെ. ▣

# നിർമ്മലകന്യക

അന്നമ്മ സി. ജോൺ



**ഞാ**ൻ ക്രിസ്തുവെന്ന ഏകപുരുഷനു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിക്കാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. ഒരു പിതാവിന്റെ ഉത്തരവാദിത്തത്തിൽപെട്ട കാര്യമാണ് തന്റെ മക്കളെ വിവാഹപ്രായമാകുമ്പോൾ വിവാഹം ചെയ്തുകൊടുക്കുന്നത്. ഇപ്പോൾ പിതാക്കന്മാരുടെ ഉത്തരവാദിത്തങ്ങൾ കുറഞ്ഞു വരുന്നു. കാരണം, കന്യക അഥവാ പുരുഷനെ കണ്ടുപിടിക്കുന്നത് അവരവരുടെ ജോലിയാണ്. പിതാവിനു ഉത്തരവാദിത്വം കുറഞ്ഞിരിക്കുന്നു. വേണ്ടപ്പോൾ കണ്ടുപിടിച്ച് കൂടെത്താമസിക്കാം. വേണ്ടാത്തപ്പോൾ വസ്ത്രം മാറുന്നതുപോലെ മാറുകയും ചെയ്യാം. ചുമ്മാതെ വന്നാൽ ചുമ്മാതെ പോകാം. ഇന്നത്തെ രീതി ഹിന്ദുവിനും ക്രിസ്ത്യാനിക്കും ഒന്നും ഭേദങ്ങൾ ഇല്ല. എന്നാൽ 2 കൊരിന്ത്യർ 11-ന്റെ 2-ൽ പറഞ്ഞിരിക്കുന്നതായ പൗലൊസ് അവരുടെ ആത്മീയ പിതാവാണ്. അതുകൊണ്ടാണു പൗലൊസ് ഇവരെ ക്രിസ്തുവിനുവേണ്ടി വേർതിരിക്കപ്പെട്ടവർ എന്നു പറഞ്ഞിരിക്കുന്നത്. വിവാഹനിശ്ചയം കഴിഞ്ഞാൽ നിശ്ചയിക്കപ്പെട്ട പുരുഷനോ സ്ത്രീയോ ആണല്ലോ വിവാഹം ചെയ്യേണ്ടത്. ഇന്ന് ആ വ്യവസ്ഥിതിക്കും വ്യത്യാസം വന്നുകൊണ്ടിരിക്കുന്നു. വിവാഹനിശ്ചയം കഴിഞ്ഞിട്ടും ഇഷ്ടപ്പെട്ടവരുമായി ഒളിച്ചോടുന്നു.

കർത്താവിനായി വേർതിരിക്കപ്പെട്ടവർ നിർമ്മലകന്യകയായിരിക്കണം. അതിനു ഊന്നൽ കൊടുത്താണ് പൗലൊസ് എഴുതിയിരിക്കുന്നത്. ദൈവത്തോടുള്ള സ്നേഹത്തിൽ നിന്നും വഴുതിപ്പോകാതിരിപ്പാനാണ് ക്രിസ്തുവിനുവേണ്ടി താൻ സമ്പാദിച്ചവരേ വേർതിരിച്ചിരിക്കുന്നത്. കർത്താവിനെ ഉള്ളിൽ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചുകഴിഞ്ഞാൽ നാം പിന്നെ കർത്താവിന്റെ വകയാണ്. അതുകൊണ്ടാണ് നിർമ്മലകന്യകയായി താൻ വിവാഹനിശ്ചയം നടത്തുന്നത്. വിശ്വാസികൾ ദുഷിക്കപ്പെടുന്നത് അവർ ഈ ലോകത്തിന്റെ മോഹങ്ങളിൽ കൂടി കുടുങ്ങിപ്പോകുന്നതിനാലാണ്. രക്ഷിക്കപ്പെടുന്നതിനുമുമ്പു നാം സ്വന്തമോഹങ്ങളിൽ അവിശ്വസികളായി ജീവിച്ചു. രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ ഉടമസ്ഥാവകാശം മാറുന്നു. പിന്നീടു നാം അവിശ്വാസികളെപ്പോലെ ജീവിക്കാത്തതിനാൽ ദുഷിക്കപ്പെടുന്നു. പുനരുത്ഥാനം ചെയ്ത കർത്താവിന്റെ വിശുദ്ധന്മാർ വിവാഹം കഴിക്കുന്നില്ല. വിവാഹത്തിൽ ഒരാളുടെ ജീവിതത്തിലേക്കു ഒരു പങ്കാളി കടന്നുവരുന്നു. വിവാഹത്തിലൂടെ ജീവിതപങ്കാളിയാകുന്നതുപോലെയാണ് ക്രിസ്തുവും തന്റെ സഭയാകുന്ന മണവാട്ടിയുമായി സജീവപങ്കാളി ആകുന്നത്. കുഞ്ഞാടിന്റെ കാന്തയെന്നു പറയുന്നത് യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്. കാന്ത തന്നെത്താൻ ഒരുക്കിയിരിക്കണം. മോശെ പർവതത്തിൽ നിന്നും ഇറങ്ങിവരുവാൻ താമസം നേരിട്ടപ്പോൾ വിഗ്രഹത്തെ ഉണ്ടാക്കി ആരാധിക്കുവാൻ തുടങ്ങി. കർത്താവിൽ നിന്നും അകലാതിരിക്കുവാൻ വിവാഹനിശ്ചയം ചെയ്തു. പത്തു കന്യകമാരിൽ ഒരുങ്ങിയിരുന്നവർ അവനോടുകൂടെ അകത്തു കടന്നു. പത്തു കന്യകമാർ ക്രിസ്തീയ ലോകത്തിന്റെ സ്വഭാവത്തെ കാണിക്കുന്നു. മണവാളന്റെ വരവു പ്രതീക്ഷിച്ച് ക്രിസ്തീയ സഭ കാത്തിരിക്കുന്നു. സഭ രക്ഷിക്കപ്പെട്ടവർ മാത്രമുള്ളതാണ്. കാത്തിരുന്ന് എല്ലാവരും വിളക്കുകൾ തെളിയിച്ചു. അതിൽ പകുതിപ്പേരുടെ വിളക്കുകളിൽ എണ്ണയില്ലായിരുന്നു. രക്ഷിക്കപ്പെട്ടവർ എന്നു നടിച്ചവരാണ്. അഭിനയിക്കുന്നവരുടെ ഹൃദയത്തിൽ കർത്താവിനു എത്രമാത്രം സ്ഥാനമുണ്ടെന്നു

കർത്താവു അറിയുന്നു. ഹൃദയത്തിന്റെ ചിന്തന ങ്ങൾപോലും താൻ ഗ്രഹിക്കുന്നു. കറ, ചുളുക്കം, മാലിന്യം, വാട്ടം ഇവകൾ ഇല്ലാത്തവരായിരി ക്കണം കർത്താവിന്റെ മണവാട്ടികൾ. എഴുപതു വയസ്സുള്ള ഒരമ്മയുടെ അടിവസ്ത്രം കഴുകിക്കൊ ടുക്കുന്നതും അവരുടെ ടോയിലറ്റ് വൃത്തിയാക്കു ന്നതും കർത്താവിന്റെ മണവാട്ടിക്ക് യോജിച്ചത ല്ലെങ്കിൽ അവർ കർത്താവിന്റെ മണവാട്ടിയോ? കർത്താവിനുവേണ്ടി ടോയിലറ്റല്ല അതിലും വൃത്തിഹീനമായ പണികൾ ചെയ്താലും താൻ വഹിച്ച കുരിശുമരണത്തിനും കഷ്ടതയ്ക്കും മതി യാകുകയില്ല. ഈ മനോഭാവമാണു കർത്താവി നോടുള്ളതെങ്കിൽ കർത്താവിന്റെ മണവാട്ടിയാ കുവാൻ ആഗ്രഹിക്കരുത്. കർത്താവിനുവേണ്ടി കഷ്ടത, പട്ടിണി, നഗ്നത, ആപത്ത്, വാൾ ഇവ കൾ ഒന്നുംതന്നെ ദൈവസ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കരുത്. നിനയാത്ത നേരത്തിൽ വരുന്ന കർത്താവിനെ എതിരേല്ക്കുവാൻ ഒരു ങ്ങിയിരിക്കണം സമയത്തിലും അസമയത്തിലും. ഏതു സമയത്തു കർത്താവു വരുമെന്നുള്ളത് കർത്താവിന്റെ പിതാവിനല്ലാതെ ആർക്കും അറി യില്ല. ഈ ലോകത്തിൽ വിവാഹനിശ്ചയം കഴി ഞ്ഞാൽ വിവാഹത്തീയതി അറിയാമല്ലോ. നിർമ്മ ലകന്യകയുടെ വിവാഹത്തീയതിയോ അറിയുക യില്ല. എന്നാൽ വേളിക്കൊരുങ്ങി കാത്തിരി ക്കണം. ബുദ്ധിയുള്ള കന്യകമാരായിരിക്കണം.

ഇവിടെ നിർമ്മലകന്യകയായി വിവക്ഷി ച്ചിരിക്കുന്നത് അവിവാഹിതരെ ഉദ്ദേശിച്ചാണെന്നു ആരും ധരിക്കരുത്. കർത്താവിന്റെ മണവാട്ടി സഭയാണ് കർത്താവിന്റെ നിർമ്മലകന്യകമാർ. കർത്താവിന്റെ നിർമ്മലകന്യകയായിരിക്കണമെ ങ്കിൽ തന്നെത്താൻ ക്രൂശെടുത്ത് കർത്താവിനെ അനുഗമിക്കണം. നമ്മുടെ കർത്താവു അരയിൽ തുവർത്തുചുറ്റി ശിഷ്യന്മാരുടെ കാൽ കഴുകി. കർത്താവിനെ അനുഗമിച്ചവർക്കു ക്രൂശില്ലായിരു ന്നുവോ? പൗലൊസ് എന്തെല്ലാം കഷ്ടങ്ങൾ സഹിച്ചു. കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത്, കഷ്ടത, പട്ടിണി, ശീതം, നഗ്നത, തടവ്, അടികൾ ഇവക ളെല്ലാം സഹിച്ചാണു കർത്താവിന്റെ മണവാട്ടിയാ യത്. മണവാട്ടിയാകണമെങ്കിൽ കഷ്ടം സഹിക്ക ണം. ഒന്നല്ലെങ്കിൽ വേറൊരു വിധത്തിൽ കർത്താ വിന്റെ മക്കൾക്ക് കഷ്ടത ഉണ്ട്. അതിനുകൂടിയുള്ള വരം ലഭിച്ചവരാണ് കർത്താവിന്റെ മണവാട്ടികൾ. നാം ഒന്നു സ്വയം ചിന്തിക്കുക. വാട്ടം, മാലിന്യം, കറ, ചുളുക്കം ഇവകൾ ഇല്ലാതെ നാം മണവാ ളന്റെ വരവിനായി ഒരുങ്ങിയിരിക്കുന്നുവോ? ഒരു ങ്ങിയിരുന്നാൽ നമ്മുടെ കർത്താവു താൻ അര കെട്ടി നമ്മെ പരിചരിക്കും. ഒരുങ്ങിയിരിക്കുന്ന മണവാട്ടിക്കു മാത്രമേ കർത്താവിനോടൊത്തു പോകുവാൻ സാധിക്കയുള്ളു. കറ, ചുളുക്കം, വാട്ടം, മാലിന്യം ഒന്നുമില്ലെന്നു നടിക്കേണ്ടതില്ല. ഈലോകജീവിതത്തിൽ നമുക്കു എന്തെങ്കിലും കുറവുകൾ ഇല്ലാതെ ഇരിക്കുകയില്ല. എന്നു കരുതി കുറവുകൾ ഉണ്ടാക്കുവാൻ ലൈസൻസ് ഒട്ടും തന്നിട്ടുമില്ല. കഴിവതും നമ്മെത്തന്നെ വെടി പ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചു കൊൾക. ഉറങ്ങുന്നവരേ, മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേല്ക്കുക. എഴുന്നേറ്റു പ്രകാശി ക്കുക. യഹോവയ്ക്കായി കാത്തിരിക്കുക. ശക്തിയെ പുതുക്കുക. കഴുകന്മാരെപ്പോലെ ചിറ കടിച്ചുയരുവാൻ സാധ്യമാകും. നിർമ്മല കന്യക മാർക്കുള്ള യോഗ്യതകൾ സമ്പാദിക്കുക അതി നായി ദൈവം സഹായിക്കട്ടെ. ▣



## ഓൺലൈൻ ക്രൈസ്തവ വനിത

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി വായി ക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക.

https://www.gncs.org BLOG Open ചെയ്താൽ ക്രൈസ്തവ വനിതയുടെ മുൻലക്കങ്ങൾ വായിക്കുവാൻ സാധിക്കും. നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ ഈ വിവരം അറി യിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**എഡിറ്റർ**

# Called to be courageous

Dr. Helen Abraham, Chennai



Being a woman, it is not uncommon in our part of the world, to be expected to behave a certain way. The idealistic world view of a woman's life expects her to spend most of her time in perfecting her role as a daughter, wife, mother, grandmother and tending to her family and home, leaving no stone unturned, lest someone should point a finger to any imperfection. This leaves a woman limiting her life to things revolving around her family, which consumes a large part of her time, leaving little time, energy and space for any other activities. Many women prefer to stay in the comfort of their home and household responsibilities rather than venturing out to be instrumental in God's work. We even believe that our spiritual responsibility stops at home, as in raising Godly children and that anything outside the home is out of our scope. If this were so, we would never have been reading about many women of faith in the Bible. Spiritual growth and labor through evangelism, Bible studies and teaching or social activities in the interest of uplifting the poor and needy, requires time, energy and prioritization. But, most importantly, it requires courage. This may be perplexing to you. What is the relation between courage and spirituality? It is the courage to live, embrace and respond to our calling. Our hearing to God's call is many a time dampened by the sounds of things around us. As we respond to all the calls of our job, family, house etc., we ignore our spiritual responsibilities, out of anxiety or fear to how others will respond to us if we are less than perfect in our earthly duties.

Let us ponder on some women of the Bible, who would not have been known to us today, had they not responded to God's calling and been courageous to do what they did.

**1. Esther**

Esther the Orphan turned Queen, is very familiar to us. She showed immense courage to show up before the King Ahasuerus, to plead her cause of saving her people, even when she knew that it might cost her life. Now, what if Esther had given more importance to how her husband, the King, might react to her showing up without being summoned? Or what if she had thought that this courageous act was out of the scope of her role as queen and that she had other responsibilities to attend to? What if she did not want to risk giving up her luxurious and comfortable life, even worse, getting killed? It is her courage to respond to Gods calling, that turned a potential disaster into a blessing for the Jews. What amazing things can happen, if we are courageous to heed to God's call!

## 2. Shiprah and Puah

They were Hebrew midwives and were commanded by the Egyptian King to kill all of the Hebrew baby boys as soon as they were delivered. Although they were Egyptian women, they feared the living God. Though Israelites were the enemies of Egyptians, they mustered the courage to go against their own King's evil commands to save the Hebrew babies. This task was tough to accomplish, knowing that it was not long before news of their saving the babies' lives reached Pharoah's ears. Even when confronted by Pharaoh, as to why they did not follow his orders, they faced him courageously. All of us live in fear of being confronted for our choices. Children follow orders in fear of confrontation by parents, employees do as instructed, for fear of confrontation by their bosses and so on. How much more fearful the confrontation would be if it was by an evil King who wished to kill tiny, innocent babies? If Shiprah and Puah had not been courageous enough for this task, they would have not experienced God's blessings in their life. Because they made the right choice, God was kind to them and blessed them by giving them children of their own. How many blessings we may have foregone, failing to courageously leap at the opportunities God gives us.

## 3. Abigail

Abigail was the wife of Nabal, a foolish, selfish man who did not care for anyone. He turned down the request of David's men, asking for provisions, despite the kindness that David's men had shown him. This displeased and infuriated David.

Abigail was a wise and courageous woman. She knew that her husband's disregarding attitude was going to cost them heavily. Instead of ignoring the problem, grumbling about her foolish husband to others or wasting time in self-pity, Abigail acted wisely and immediately. She went with enough supplies and met David and apologized in her husband's stead. We as women often choose silence as the response to men's wrongdoing, even when we know that it may not be spiritually or biblically right. Yes, we have been taught that the husband is the head of the family and that we need to be submissive. This is often misunderstood and misinterpreted. Submissiveness does not mean supporting wrongdoing or sin. 'Partner in life' doesn't necessarily mean 'partner in crime'.

What if Abigail would have silently supported her husband's ill-doing and think that she was being submissive? If she hadn't gathered the courage to make things right with David, the future King, she may have had to live a bitter life with her mean and foolish husband. Her initiative and courage to correct and undo her husband's wrongdoing and humility to ask David for pardon led to the Lord blessing her future. We read that the Lord struck Nabal and he died, and later, David asks Abigail to be his wife.

Dear sisters, we are called to be courageous. We have a great responsibility, which does not necessarily end at home. We are vessels that God may use wherever he pleases. But we should be aware of our responsibility to others, to help spread God's word. When we respond to God's calling, not fearing those around us, God will do great things through us. Let us aspire and work towards being like these great women of courage. ▣

# യെരുശലേം പുത്രിമാരേ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ

(ലൂക്കൊ. 23:28)

ജോയമ്മ സാംസൺ, കൊല്ലം



**ക**ർത്താവായ യേശുക്രിസ്തുവിനെ ക്രൂശിപ്പാനായി കൊണ്ടുപോകുന്ന സമയത്ത് ഒരു വലിയ ജനസമൂഹവും അവനെച്ചൊല്ലി വിലപിച്ചു മുറയിടുന്ന അനേകം സ്ത്രീകളും അവന്റെ പിന്നാലെ ചെന്നു. യേശു തിരിഞ്ഞു അവരെ നോക്കി: "യെരുശലേം പുത്രിമാരേ, എന്നെച്ചൊല്ലി കരയേണ്ടാ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ" എന്നു പറഞ്ഞു. ഈ പ്രസ്താവനയിലൂടെ യേശു ഉദ്ദേശിക്കുന്നത് വ്യർത്ഥ കാര്യങ്ങൾക്കായി വിലപിക്കാതെ എന്തെങ്കിലും പ്രയോജനമുള്ള കാര്യങ്ങളെ ഓർത്തു കരയുക എന്നതാണ്. കാരണം യേശുവിന്റെ മരണം തിരുവെഴുത്തുകളിൽ പ്രകാരം നിർണ്ണയിക്കപ്പെട്ടതാണ്. അതിനു മാറ്റം ഉണ്ടാകയില്ല. എന്നാൽ പരിവർത്തനം സംഭവിക്കേണ്ട രണ്ടു കൂട്ടരെ ഓർത്തു കരയാനാണ് തന്നെ അനുഗമിക്കുന്ന സ്ത്രീകളോടു യേശു ആവശ്യപ്പെടുന്നത്. ഒന്ന് തങ്ങളെത്തന്നെ ഓർത്ത്. രണ്ട് അവരുടെ മക്കളെ ഓർത്ത്. ഇവ രണ്ടും സഹോദരിമാർക്കു തന്നിരിക്കുന്ന അതിപ്രധാനമായ രണ്ടു ഉപദേശങ്ങളാണ്. കർത്താവ് തന്റെ ക്രൂശുമരണത്തിനു തൊട്ടുമുമ്പു തന്നിരിക്കുന്ന അന്തിമോപദേശം. ഒരു വ്യക്തിയുടെ അന്തിമോപദേശത്തിനു നാം എന്തു വില കൊടുക്കുമോ അതിലുപരി വില നാം കർത്താവിന്റെ മരണത്തിനു മുമ്പ് സഹോദരിമാർക്കു നല്കുന്ന ഉപദേശത്തിനും കൊടുക്കേണ്ടതല്ലേ? ആയതിനാൽ ഒന്നാമതായി നമ്മുടെ ജീവിതത്തിൽ വന്നുപോയിട്ടുള്ള കുറവുകൾ മനസ്സിലാക്കി കണ്ണുനീരോടെ ദൈവസന്നിധിയിൽ നമ്മെത്തന്നെ സമർപ്പിക്കാം. വിശുദ്ധ ജീവിതം നയിക്കാം. രണ്ടാമതായി നമ്മുടെ മക്കളെ ഓർത്തു കരയാം.

മക്കളെ ഓർത്തു കരയേണ്ടതിന്റെ ആവശ്യകത എന്താണെന്നു അല്പമായി ചിന്തിക്കാം. മക്കൾ ആരാണ്? എന്താണവർക്കുള്ള പ്രത്യേകത? തിരുവചനം എന്തു പറയുന്നു? 127-ാം സങ്കീർത്തനത്തിൽ അവർക്കുള്ള ചില ശ്രേഷ്ഠതകൾ എടുത്തു പറയുന്നുണ്ട്. (1) മക്കൾ യഹോവ നല്കുന്ന അവകാശം (Heritage). അവകാശം എന്നാൽ പൈതൃകസ്വത്ത്. അതു നഷ്ടപ്പെടുത്താൻ പാടില്ല. "നിലം ജന്മം വില്ക്കരുത്" (ലേവ്യ. 25:23). അതുകൊണ്ടാണ് നാബോത്ത് തന്റെ ജീവൻ നഷ്ടപ്പെടുത്തേണ്ടി വന്നിട്ടും തന്റെ പിതാക്കന്മാരുടെ അവകാശം ആഹാബുരാജാവിന്നു കൊടുക്കുവാൻ വിസമ്മതിച്ചത്. (1 രാജാ.21:3). (2) ഉദരഫലം യഹോവ തരുന്ന പ്രതിഫലം (Reward or Trophy) അതായത് നമ്മുടെ അഭിമാനം. (3) വീരന്റെ കൈയിലെ അസ്ത്രങ്ങൾ (Arrows). നമ്മെ ശത്രുവിന്റെ കൈയിൽ നിന്നു രക്ഷിച്ച് ആശ്വസിപ്പിക്കുന്നവൻ. തിരുവചനത്തിൽ നിന്നു രണ്ടുദാഹരണങ്ങൾ എടുക്കാം. ലാമേക്കിനു മകനുണ്ടായപ്പോൾ "യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവൃത്തിയിലും നമ്മുടെ കൈകളുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കുമെന്നു പറഞ്ഞ് അവന്നു നോഹ എന്നു പേരിട്ടു" (ഉത്പ. 5:29). രൂത്തിനു ഓബേദ് ജനിച്ചപ്പോൾ യിസ്രായേല്യ സ്ത്രീകൾ നൊവോമിയോട് അവൻ നിനക്കു ആശ്വാസപ്രദനും നിന്റെ വാർദ്ധക്യത്തിങ്കൽ പോഷകനും ആയിരിക്കും എന്നു പറഞ്ഞു (രൂത്ത് 4:15). മാത്രമല്ല, പുത്രന്മാർ മേശയ്ക്കു ചുറ്റും ഒലിവു തൈകൾ (സങ്കീ.128:3), പുത്രിമാർ അരമനയുടെ മാതിരിയായി കൊത്തിയ മൂലത്തൂണുകൾ (സങ്കീ.144:12). ഒലിവു തൈകൾ വളർന്നു ഒലിവു കായ്കൾ ഉല്പാദിപ്പിക്കും. ഇടിച്ചെടുത്ത ഒലിവെണ്ണയാണ് ദൈവാലയത്തിലെ വിളക്കു തെളിയിക്കാൻ ഉപ

യോഗിക്കുന്നത്. അതുപോലെ ദൈവസഭയിലെ സ്നേഹദീപങ്ങളായി നമ്മുടെ പുത്രന്മാർ പ്രശോഭിക്കും. പുത്രിമാർ കൊത്തിയ മൂലത്തൂണുകളാണ്. അതായത് കുടുംബത്തിന്റെ ഭാരം വഹിക്കുന്നവർ. യിഫ്താഹിന്റെ മകൾ ഉദാഹരണം. പിതാവിന്റെ വ്യസനാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുവാൻ തന്റെ ജീവൻ നല്കുവാൻ പോലും മകൾ തയ്യാറായി (ന്യായാ.11:34-35).

എന്നാൽ മക്കളുടെ ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റി യിരെമ്യാവു എന്തു പറയുന്നു? "തങ്കത്തോടു തുല്യരായിരുന്ന സീയോന്റെ വിശിഷ്ട പുത്രന്മാരെ കുശവന്റെ പണിയായ മൺപാത്രങ്ങളെപ്പോലെ എണ്ണിയിരിക്കുന്നതെങ്ങനെ? കുറുനരികൾപോലും കുട്ടികളെ കുടിപ്പിക്കുന്നു. എന്റെ ജനത്തിന്റെ പുത്രിയോ മരുഭൂമിയിലെ ഒട്ടകപ്പക്ഷിയെപ്പോലെ ക്രൂരയായി ത്തീർന്നിരിക്കുന്നു. മുലകുടിക്കുന്ന കുഞ്ഞിന്റെ നാവ് അണ്ണാക്കോടു പറ്റിയിരിക്കുന്നു. പൈതങ്ങൾ അപ്പം ചോദിക്കുന്നു. ആരും നുറുക്കിക്കൊടുക്കുന്നില്ല" (വിലാ.4:2-4). തങ്കത്തോടു സദൃശമായ വിശിഷ്ട മക്കളെയാണ് ദൈവം നമുക്കു തന്നത്. എന്നാൽ കുശവന്റെ മൺപാത്രങ്ങളെപ്പോലെ ഉടഞ്ഞു പോകുവാൻ (വിലകുറഞ്ഞതായിത്തീരുവാൻ) കാരണം അവരുടെ മാതാക്കളാണ്. അവർ ഭൗതികമായതെല്ലാം മക്കൾക്കു കൊടുക്കുന്നുണ്ട്. ആത്മിക ഭക്ഷണം അവർക്കു കൊടുക്കുന്നില്ല. വചനം എന്ന മായമില്ലാത്ത പാൽ അവർക്കു ലഭിക്കുന്നില്ല. ജീവന്റെ അപ്പമായ ക്രിസ്തുവിനെ അവർ ഭക്ഷിക്കുന്നില്ല. ആത്മികമായ വിശപ്പും ദാഹവും നിമിത്തം അവർ വീഥികളിൽ പട്ടിണി കിടക്കുന്നു. കർത്താവ് പറഞ്ഞത് "ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന്നു വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന്നു ഒരുനാളും ദാഹിക്കയുമില്ല" (യോഹ.6:35).

അമ്മമാരുടെ ഇവ്വിധ പെരുമാറ്റത്തിനു കാരണമെന്ത്? അതും ദൈവവചനത്തിൽ നിന്നു തന്നെ നമുക്കു ചിന്തിക്കാം. "ഒട്ടകപ്പക്ഷി ഉല്ലസിച്ചു ചിറകു വീശുന്നു; എങ്കിലും ചിറകും തൂവലുംകൊണ്ടു വാത്സല്യം കാണിക്കുമോ? അതു നിലത്തു മുട്ട ഇട്ടേച്ചു പോകുന്നു. അവയെ പൊടിയിൽ വെച്ചു വിരിക്കുന്നു. കാൽകൊണ്ടു അവ ഉടഞ്ഞു പോയേക്കുമെന്നോ കാട്ടുമൃഗം അവയെ ചവിട്ടിക്കളഞ്ഞേക്കുമെന്നോ അതു ഓർക്കുന്നില്ല. അതു തന്റെ കുഞ്ഞുങ്ങളോടു തനിക്കുള്ളവയല്ല എന്നപോലെ കാഠിന്യം കാണിക്കുന്നു; തന്റെ പ്രയത്നം വ്യർത്ഥമായ്പോകുമെന്നു ഭയപ്പെടുന്നില്ല. ദൈവം അതിന്നു ജ്ഞാനം ഇല്ലാതാക്കി വിവേകം അതിന്നു നല്കീട്ടുമില്ല. അതു ചിറകടിച്ചു പൊങ്ങി ഓടുമ്പോൾ കുതിരയെയും പുറത്തു കയറിയവനെയും പരിഹസിക്കുന്നു" (ഇയ്യോ. 39:13-18).

ഒട്ടകപ്പക്ഷിക്കു ജ്ഞാനമില്ലാഞ്ഞിട്ടാണ് അവ തന്റെ കുഞ്ഞുങ്ങളെ ശ്രദ്ധിക്കാത്തത്. എന്നാൽ അമ്മമാരേ നിങ്ങൾക്കു ദൈവം ജ്ഞാനം തന്നിട്ടില്ലേ? അവരുടെ ജീവിതത്തിന്റെ എല്ലാ വഴികളിലും അവരെ ശ്രദ്ധിക്കുന്നുണ്ടോ? അവർ പഠിക്കുന്ന സമയത്ത്, മൊബൈൽ ഉപയോഗിക്കുമ്പോൾ തുടങ്ങി എല്ലാ രംഗങ്ങളിലും അമ്മയുടെ കണ്ണ് അവരുടെ മേൽ വേണം. അവരുടെ കൂട്ടുകാർ ആരൊക്കെയാണ്, അവർ എവിടൊക്കെ പോകുന്നു തുടങ്ങിയവയും അമ്മയുടെ അന്വേഷണത്തിൽ ഉണ്ടായിരിക്കണം. കുട്ടിക്കാലം മുതൽ അമ്മ അവരെ പത്ഥ്യോപദേശത്തിൽ വളർത്തണം. കൗമാരപ്രായത്തിൽ അവർ തെറ്റിപ്പോകാതിരിക്കാൻ അമ്മ അവർക്കു വേണ്ടതായ ഉപദേശവും തികഞ്ഞ സ്നേഹവും നല്കണം. ഒട്ടകപ്പക്ഷിയെപ്പോലെ അവർ എന്റെ മക്കളല്ലേ, അവർ തെറ്റിപ്പോകയില്ല എന്നു കരുതരുത്. തന്റെ കഴിവിൽ പ്രശംസിക്കരുത്. മറ്റുള്ളവരെ പരിഹസിക്കരുത്. കുട്ടികൾ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുവാൻ ഇടവരികയാണെങ്കിൽ അവർ താമസിക്കുന്നതിനടുത്തുള്ള സഭയിലെ സുവിശേഷകനെ ബന്ധപ്പെട്ട് മകന്റെ (മകളുടെ) ആത്മിക കാര്യങ്ങൾ ശ്രദ്ധിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും പറയണം. എല്ലാറ്റിനുമുപരിയായി അവരെ ദൈവകരങ്ങളിൽ ഏല്പിച്ചു പ്രാർത്ഥിക്കുക.

മക്കളെപ്പറ്റി അമിതമായ ആത്മവിശ്വാസം (Overconfidence) ശരിയല്ല. ഏലി ദൈവഭക്തനായ

*ശേഷം 24-ാം പേജിൽ*

# കൂട്ടായ്മ യോഹന്നാച്ചൻ

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**



**“പാ**പക്കടം തീർക്കുവാൻ-യേശുവിന്റെ രക്തം മാത്രം
പാപബന്ധം അഴിപ്പാൻ-യേശുവിന്റെ രക്തം മാത്രം
ഹാ യേശുക്രിസ്തുവേ-ദൈവത്തിന്റെ കുഞ്ഞാടേ
രക്ഷിക്കുന്നു പാപിയെ-നിന്റെ തിരുരക്തം മാത്രം”

പാട്ടുകേട്ടുകൊണ്ട് ഞാനും ശമുവേൽ പാതിരിയും കൂടി വഴിയിൽ നിന്നു പോയി.

“അച്ചനറിയാമോ ആ പാട്ടുപാടുന്നതാരാണെന്ന്?” ഞാൻ ചോദിച്ചു.

“വല്ല പെന്തക്കോസ്തുകാരനോ വേർപാടുകാരനോ ആയിരിക്കും. അല്ലാതാരാ ഇവിടെ ഈ രാത്രി 9 മണിയായപ്പോൾ പാടാൻ” ഞാനും അച്ചനും കൂടെ ഒരു കൂട്ടായ്മ പ്രാർത്ഥന കഴിഞ്ഞ് മടങ്ങുകയായിരുന്നു. തുലാവർഷത്തിന്റെ മഴക്കാറും ഇടിമിന്നലും ശക്തിയായിട്ടുണ്ട്. അച്ചന്റെ വീട്ടിലെത്താൻ ഇനി ഒരു മൈൽ കൂടി നടക്കണം.

> **ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ “തടവുകാരെ തേടി” എന്ന പുസ്തകത്തിൽ നിന്നും**

4 ദിവസത്തെ ഉണർവ്വു യോഗത്തിനു പള്ളിയിൽ പ്രസംഗിക്കുവാൻ അച്ചന്റെ ഇടവകയിൽ നിന്നും എന്നെ ക്ഷണിച്ചിരിക്കയാണ്. നടക്കുന്നതിനിടയിൽ ഞാൻ ആ കുടുംബത്തെക്കുറിച്ച് അറിയാവുന്ന കഥ പറഞ്ഞു: “അതാണച്ചോ യോഹന്നാച്ചന്റെ വീട്. ഭാര്യയും താനും മക്കൾ മൂന്നുപേരും കൂടി അവിടെ താമസിക്കുന്നു. അച്ചൻ സ്ഥലം മാറി വന്നതിനാലാണ് അറിയാത്തത്. മുമ്പ് ഇവിടെ ഇരുന്ന അച്ചൻ അവിടെ പോകുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. അച്ചൻ കേട്ടിട്ടുണ്ടോ ‘പുന്നമട കൊലക്കേസ്’? നടന്നിട്ട് 7 വർഷമായിക്കാണും. ആ കേസിലെ പ്രതികളാണ് യോഹന്നാച്ചനും മൂത്ത മകൻ അവറാൻകുട്ടിയും. അവറാൻ കുട്ടി മാത്രമേ കെട്ടിയിട്ടുള്ളൂ. യോഹന്നാച്ചന് വണ്ടിയും കാളയുമായിരുന്നു. അവറാൻകുട്ടി ലോറിയേൽ ക്ലീനറായിരുന്നു. അന്നാമ്മച്ചേടത്തിയാണ് തള്ള. ഓല മെടഞ്ഞും കോഴിയെ വളർത്തിയും പാലു വിറ്റും ഒക്കെ ഭംഗിയായി ആ കുടുംബം കഴിഞ്ഞുവന്നു. ബീഡി പോലും വലിക്കാത്ത കുഞ്ഞുങ്ങളാ. ഒരബദ്ധത്തിലാണ് സംഗതി നടന്നത്. വിശദവിവരം എനിക്കറിഞ്ഞുകൂടാ. അവരുടെ കേസ് വിസ്താരം കഴിഞ്ഞു. അപ്പനെയും മകനെയും 5 വർഷത്തേക്ക് ശിക്ഷിക്കുകയും ചെയ്തു. പുറത്തുവന്നിട്ട് 5 വർഷമായി കാണും. കേസു നടത്തുവാനായി വണ്ടിയും കാളയും ഉണ്ടായിരുന്ന ആഭരണവും അവറാൻകുട്ടിക്ക് കിട്ടിയ സ്ത്രീധനവുമെല്ലാം ചെലവാക്കേണ്ടിവന്നു. കിടപ്പാടമുണ്ടായിരുന്ന ഒരേക്കർ കഷ്ടിച്ച് ഒരു ചെറിയ ബാദ്ധ്യതയോടെ ശേഷിച്ചു. അപ്പനും മകനും ജയിലിലായതോടെ ‘കറമ്പി’പ്പശുവിനെ സംരക്ഷിച്ചുകൊണ്ടാണ് അന്നാമ്മച്ചേടത്തി റേഷൻ വാങ്ങിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ ഒറ്റി കൊടുത്തിരിക്കുന്ന വസ്തു ഒഴിപ്പിച്ചെടുത്തു. വണ്ടിയും കാളയും പരിപാടി യോഹന്നാച്ചൻ വേണ്ടെന്നുവച്ചു. ജയിലിൽനിന്നു പോരുമ്പോൾ കിട്ടിയ കാശുകൊണ്ട് ഒരു മുറുക്കാൻ കട ഇട്ടിട്ടുണ്ട്. അതിന്റെ വാതിൽക്കലാണ് ഞങ്ങൾ നിന്നത്. അവറാൻകുട്ടി പിന്നെയും ലോറിയേൽ ചെന്നു. അവർ എടുത്തില്ല. ഇപ്പോൾ ഇതിലേ ഓടുന്ന രാഗം ബസിലെ കിളിയാണ്. കുടുംബം പച്ചപിടിച്ച് വരികയാണ്. മക്കൾ രണ്ടു

പേരിൽ ഒരുത്തൻ ടൈപ്പും ഷോർട്ടുഹാൻഡും പഠിച്ച് ഒറീസ്സയിൽ എവിടെയോ ജോലിയിലാണ്. ഇളയവൻ പത്തിൽ തോറ്റ് പാരലിലാണിപ്പോൾ"

ചാക്കോച്ചനിത്രയും കാര്യങ്ങൾ സ്വന്ത നാട്ടിൽ നിന്നും 70-75 മൈൽ അകലെയുള്ള കുടുംബത്തെക്കുറിച്ച് എങ്ങനെ മനസ്സിലാക്കി? ആളുകളിൽ വളരെ താല്പര്യമുണ്ടെന്ന് തോന്നു ന്നല്ലോ? എങ്ങനെയാ പരിചയപ്പെട്ടത് ഇവരെ. അതോ ബന്ധം വല്ലതുമുണ്ടോ?

എതിരെ വന്ന ചന്തക്കച്ചവടക്കാരുടെ കൈയിൽ നിന്നും ചാറ്റൽമഴ മൂലം കെട്ടുപോയ ചൂട്ടുകറ്റ അച്ചൻ നന്നായി കത്തിച്ചു തെളിച്ചു. ഞങ്ങളുടെ പദയാത്ര തുടർന്നു. "അര മൈൽ കൂടി താണ്ടണം." അച്ചൻ പറഞ്ഞു. "അച്ചാ ഞാനൊരിക്കൽ സെൻട്രൽ ജയിലിൽ ചെന്നപ്പോ ഴാണ് യോഹന്നാച്ചനെ കണ്ടത്. ഒരു ബൈബിൾ കിട്ടിയാൽ കൊള്ളാമെന്ന് പറഞ്ഞ് അദ്ദേഹം അടു ത്തുവന്നു. സാധാരണയായി ജയിലിൽ പ്രസംഗം കഴിഞ്ഞാൽ പ്രാർത്ഥിക്കാൻ ഇഷ്ടമുള്ളവരുണ്ടെ ങ്കിൽ കൈ ഉയർത്താൻ പറയും. അന്ന് അദ്ദേ ഹവും കൈ ഉയർത്തിയിരുന്നു. അവറാൻകുട്ടി അന്ന് കിച്ചൺ ഡ്യൂട്ടിയിലായിരുന്നു. പ്രാർത്ഥന കഴിഞ്ഞ് യോഹന്നാച്ചൻ സംഭവമെല്ലാം വിവരിച്ചു പറഞ്ഞു. അയാൾ കരയുന്നുണ്ടായിരുന്നു. അന്ന് ഞങ്ങളൊന്നിച്ചു പ്രാർത്ഥിച്ചു. യോഹന്നാച്ചൻ പാപങ്ങളെ ദൈവത്തോട് ഏറ്റു പറഞ്ഞു കരച്ചി ലോടെ പ്രാർത്ഥിച്ചു. അയാൾക്ക് പിന്നെ ഒരു വർഷം കൂടെ ജയിൽ ശിക്ഷ അനുഭവിച്ചു തീരു വാനുണ്ടായിരുന്നു. അങ്ങനെയാണ് ആ കുടുംബ വുമായി ഞാൻ ബന്ധപ്പെട്ടത്".

"മിശിഹായ്ക്കു സ്തുതി" നാളത്തെ പ്രസംഗത്തിന് നമുക്ക് യോഹന്നാച്ചനെ കൂടെ കൊണ്ടുവന്നാൽ എന്താ. അങ്ങേരുടെ അനുഭവ സാക്ഷ്യം ഒന്നു പറയട്ടെ. നമ്മൾ കേട്ടപാട്ടിന്റെ രണ്ടു മൂന്നു ശീലുകൾ പാടിക്കൊണ്ട് തുടങ്ങുന്ന തായിരിക്കും നല്ലത്." അച്ചൻ ഇടയ്ക്കു കയറി പറഞ്ഞു.

"കഥ തീർന്നില്ലച്ചാ" ഞാൻ പറഞ്ഞു. "യോഹന്നാച്ചൻ പുതിയ മനുഷ്യനായിട്ടാണ് മട ങ്ങിയെത്തിയത്. ഇന്നദ്ദേഹത്തിന്റെ പേര് 'കൂട്ടായ്മ യോഹന്നാച്ചൻ' എന്നാണ്. എവിടെ യോഗം ഉണ്ടെങ്കിലും പോകും. മാനസാന്തരപ്പെട്ട് മടങ്ങിവന്ന യോഹന്നാച്ചൻ മക്കളോടെല്ലാം തന്റെ അനുഭവം പറഞ്ഞുകൊടുത്തു. അന്നാമ്മച്ചേടത്തി യുടെ പുകയിലതീറ്റി നിർത്തി. യോഹന്നാച്ചന് പെരുന്നാളിനും നോമ്പുവീടലിനുമൊക്കെ 'ശകലം വിറ്റാമിൻ' വേണമായിരുന്നു. ഇതു മാറി. അവറാൻകുട്ടിയുടെ പൊടിവലി തീർന്നു. ഉള്ളി ലുണ്ടായ വ്യത്യാസം പുറമെയും താനെ വന്നു. അന്നാമ്മച്ചേടത്തി വെള്ളിയാഴ്ച ഉപവസിച്ചു പ്രാർത്ഥിക്കും. ആ വീട്ടിൽ നിന്ന് എല്ലാവരുംകൂടി ഒരുമിച്ചാണ് പള്ളി ആരാധനയ്ക്ക് പോകുന്നത്. കുടുംബപ്രാർത്ഥന കഴിയാതെ അന്നാമ്മച്ചേടത്തി അത്താഴം വിളമ്പുകയില്ല. രാവിലെ ഒരദ്ധ്യായം വേദപുസ്തകം വായിച്ചു പ്രാർത്ഥിക്കാതെ അടു പ്പിൽ തീ കത്തിക്കയില്ല. എന്തു കിട്ടിയാലും പത്തി ലൊന്ന് ദൈവത്തിന് കൊടുക്കുന്നത് യോഹന്നാ ച്ചൻ മക്കളെയും പഠിപ്പിച്ചിരിക്കയാണ്. അച്ചൻ പകൽസമയത്ത് അതുവഴി ഒന്നു പോകണം. മാട ത്തിന്റെ മുമ്പിൽ ഒരുവശത്ത് തകിടിൽ പെയിന്റ് ചെയ്തുവച്ചിട്ടുണ്ട് - "യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ വിശുദ്ധീകരിക്കുന്നു". യോഹന്നാന്റെ വീടിന്റെ ഭിത്തിയിൽ കാണാം വേറൊരു വാക്യം "ഞാനും എന്റെ കുടുംബ വുമോ ഞങ്ങൾ യഹോവയെ സേവിക്കും". ▣

---


**മരണത്തിനു കൊണ്ടുപോകുന്നവരെ വിടുവിക്ക;**

**കൊലയ്ക്കായി വിറച്ചു ചെല്ലുന്നവരെ രക്ഷിപ്പാൻ നോക്കുക**

**സദൃശ. 24:11**

# യിഫ്താഹിന്റെ മകൾ

ജോർജ് ജോൺ, തിരുവനന്തപുരം



**പൗ**ലൊസ് അപ്പൊസ്തലൻ (?) എബ്രായർക്കെഴുതിയ ലേഖനത്തിൽ 11-ാം അദ്ധ്യായത്തിന്റെ 17 മുതൽ 32 വരെയുള്ള വാക്യങ്ങളിൽ അബ്രാഹാം മുതലുള്ള വിശ്വാസവീരന്മാരുടെ ഒരു പട്ടിക കൊടുത്തിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട ഒരു വ്യക്തിയാണ് യിഫ്താഹ്. യിഫ്താഹിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ന്യായാധിപന്മാരുടെ പുസ്തകം 11, 12 അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു.

യിഫ്താഹിന്റെ പിതാവിന്റെ പേര് ഗിലെയാദ് എന്നാണ് കാണുന്നത്. കൂടാതെ, അവൻ ജനിച്ചതും ഗിലെയാദ് എന്ന ദേശത്തായിരുന്നു. യോർദ്ദാൻ നദിയുടെ അക്കരെ അമോര്യദേശത്തുള്ള ഒരു സ്ഥലമായിരുന്നു അത്. അവിടെ ബെന്യാമീന്യരെക്കൂടാതെ എഫ്രയീമ്യരും യഹൂദ്യരും കുടിയേറി പാർത്തിരുന്നു.

ഗിലെയാദ് പ്രസിദ്ധി ആർജ്ജിച്ച ഒരു സ്ഥലമായിരുന്നുവെന്നു പറയാം. ബൈബിളിലെ പല ഭാഗങ്ങളിലും ഗിലെയാദിനെക്കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ട്. ഗിലെയാദിൽ നിന്നുമുള്ള സാമ്പ്രാണിയും സന്നിനായകവും സുഗന്ധപ്പശയുമായി മിസ്രയീമിലേക്കു സഞ്ചരിക്കുന്ന ഒരു സാർത്ഥവാഹ സംഘത്തെക്കുറിച്ച് നാം ഉത്പത്തി 37:25-ൽ വായിക്കുന്നു. ഗിലെയാദിലെ രാമോത്ത് എന്ന പ്രദേശം, ഗിലെയാദ് മലഞ്ചെരിവിലെ കോലാട്ടിൻകൂട്ടം, ഗിലെയാദിലെ വൈദ്യൻ, ഗിലെയാദിലെ സുഗന്ധതൈലം എന്നിങ്ങനെ ഗിലെയാദിനെ സംബന്ധിക്കുന്ന പല സൂചനകളും നമുക്കു കാണാൻ കഴിയും. യിഫ്താഹ് ഗിലെയാദ്യനായിരുന്നെങ്കിലും അവൻ സ്വദേശത്തുനിന്നും പിതൃഭവനത്തിൽനിന്നും നിഷ്കാസിതനായിരുന്നു. കാരണം സ്വപിതാവിന്റെ നിയമപ്രകാരമുള്ള ഭാര്യയിൽ നിന്നും ജനിച്ചവനല്ല എന്നുള്ളതിനാൽ.

സ്വസഹോദരന്മാരാൽ അപമാനിതനായി സ്വന്തദേശം ഉപേക്ഷിച്ച് ഏതോ അപരിചിതമായ ദേശത്തുചെന്ന് അവിടെയുള്ള നിസ്സാരന്മാരുമായി കൂട്ടുകൂടി എങ്ങനെയൊക്കെയോ ജീവിച്ചിരുന്ന യിഫ്താഹിനെത്തേടി ഗിലെയാദിലെ പട്ടണമൂപ്പന്മാർ പോയതായി നാം വായിക്കുന്നു. കാരണം, അമ്മോന്യർ യിസ്രായേലിനെതിരെ യുദ്ധസന്നദ്ധരായി പുറപ്പെട്ടു വന്നപ്പോൾ അവരുമായി പടപൊരുതുന്നതിനു നേതൃത്വം കൊടുക്കാൻ യോഗ്യരായി ആരും തന്നെ ഇല്ലാതിരുന്ന അവസ്ഥയാണ് യിസ്രായേലിൽ അക്കാലത്തുണ്ടായിരുന്നത്. ആയതിനാൽ യിഫ്താഹ് എന്ന പരാക്രമശാലിയെ തേടിപ്പിടിച്ച് കൊണ്ടുവരുന്നതിനായി ഗിലെയാദിലെ മൂപ്പന്മാരുടെ സംഘത്തിനു പോകേണ്ടിവന്നു. ഒരിക്കൽ യിഫ്താഹിനെ "കൗലടേയൻ" എന്നു വിളിച്ച് അധിക്ഷേപിച്ചിറക്കിവിട്ട അതേ സ്ഥലത്തേക്കു തന്നെ അതേ യിഫ്താഹിനെ രണ്ടുകൈയും നീട്ടി സ്വീകരിച്ച് "ഞങ്ങളെ രക്ഷിക്കണേ" എന്നു യാചിച്ചുകൊണ്ട് മടക്കിക്കൊണ്ടുവരുന്ന കാഴ്ചയാണ് നാം കാണുന്നത്.

വിശ്വാസവീരന്മാരുടെ പട്ടികയിൽ യിഫ്താഹ് സ്ഥാനം പിടിച്ചത് താൻ ഒരു പരാക്രമശാലിയായിരുന്നതുകൊണ്ടല്ല,

പ്രത്യുത യഹോവയായ ദൈവത്തിലുള്ള തന്റെ അചഞ്ചലമായ വിശ്വാസംമൂലമത്രേ. ഗിലെയാദിലെ മൂപ്പന്മാരോടൊപ്പം എത്തിച്ചേർന്ന യിഫ്താഹിനെ ജനത്തിന്റെ തലവനും സേനാപതിയുമായി നിയമിച്ചു കഴിഞ്ഞപ്പോൾ "യിഫ്താഹ് മിസ്പയിൽവച്ച് യഹോവയുടെ സന്നിധിയിൽ തന്റെ കാര്യം എല്ലാം പ്രസ്താവിച്ചു" എന്നാണെഴുതിയിരിക്കുന്നത്. താൻ വിജയശ്രീലാളിതനായി തന്റെ ഭവനത്തിലേക്കു മടങ്ങി വരുമ്പോൾ തന്നെ അഭിമുഖീകരിക്കുന്നത് യാതൊന്നാണോ, ആ ജീവിയെ അഥവാ വ്യക്തിയെ യഹോവയ്ക്ക് യാഗമായി അർപ്പിക്കുന്നതാണെന്നുള്ള നേർച്ച അവൻ അപ്പോൾത്തന്നെ കഴിക്കുകയുണ്ടായി. കാളയോ കഴുതയോ കോലാട്ടുകൊറ്റനോ ദാസീദാസന്മാരോ എന്തുതന്നെയായിരുന്നാലും അതിനെ യഹോവയ്ക്ക് ബലിയർപ്പിക്കുന്നതാണെന്നുള്ള ഉഗ്രശപഥമായിരുന്നു അവൻ ദൈവസന്നിധിയിൽ ചെയ്തത്.

എന്നാൽ ശത്രുക്കളെ പരാജിതരാക്കി വിജയശ്രീലാളിതനായി മടങ്ങിവന്ന യിഫ്താഹിനെ അഭിമുഖീകരിച്ച കാഴ്ച തികച്ചും അപ്രതീക്ഷിതമായിരുന്നു. താൻ അമ്മോന്യരോട് യുദ്ധത്തിനു പുറപ്പെട്ട നിമിഷം മുതൽ തന്റെ വിജയവാർത്ത ശ്രവിക്കുന്നതിനും വിജയത്തിന്റെ വെന്നിക്കൊടി പാറിച്ചുകൊണ്ട് മടങ്ങിയെത്തുന്ന തന്നെ ആഘോഷ പൂർവ്വം സ്വീകരിക്കുന്നതിനും കൺകുളിർക്കെ കാണുന്നതിനും ആകാംക്ഷാഭരിതയായി കാത്തിരുന്ന തന്റെ വാത്സല്യ പുത്രി-അവൾ തനിക്കു ഏകമകളായിരുന്നു- തപ്പിനോടും നൃത്തത്തോടും കൂടെ തന്നെ എതിരേറ്റുവരുന്ന ദൃശ്യമാണ് യിഫ്താഹിനു കാണാൻ കഴിഞ്ഞത്. താൻ ജീവനുതുല്യം സ്നേഹിച്ചിരുന്ന വാത്സല്യ പുത്രിയെ കണ്ട നിമിഷത്തിൽ യിഫ്താഹ് എന്ന പരാക്രമശാലിയുടെ സകല വിജയാഹ്ലാദവും അസ്തമിക്കയും അവൻ കേവലം നിസ്സഹായനായ ഒരു ബാലനെപ്പോലെ പൊട്ടിക്കരയുകയും ചെയ്തു. "അയ്യോ എന്റെ മകളേ... യഹോവയോടു ഞാൻ പറഞ്ഞുപോയി, എനിക്കു പിന്മാറിക്കൂടാ" എന്നു പറഞ്ഞു വിലപിക്കുന്ന ഒരു യിഫ്താഹിനെയാണ് നാം കാണുന്നത്. എന്നാൽ സ്വപിതാവിനെ ജീവനെക്കാളുപരി സ്നേഹിച്ചിരുന്ന ആ മകൾ അവനെ ആശ്വസിപ്പിക്കയും താൻ യഹോവയോടു ചെയ്ത സത്യം അതേപടി നിറവേറ്റുന്നതിന് അവനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഭാവിയെക്കുറിച്ചുള്ള തന്റെ എല്ലാ സങ്കല്പങ്ങളും പ്രതീക്ഷകളും ആഗ്രഹങ്ങളും എന്നു മാത്രമല്ല തന്റെ ജീവനെപ്പോലും സ്വപിതാവിന്റെ വാഗ്ദത്ത നിവൃത്തിക്കുവേണ്ടി ബലികഴിക്കുന്നതിന് ആ പ്രിയ പുത്രിക്ക് യാതൊരു സങ്കോചമോ വൈമനസ്യമോ ഉണ്ടായിരുന്നില്ല. ഒരേ ഒരു കാര്യം മാത്രമേ അവൾ ആവശ്യപ്പെട്ടുള്ളൂ. തന്റെ സഖിമാരുമൊത്ത് ഒരു വിജന പ്രദേശത്തുപോയിരുന്ന് തന്റെ കന്യകാത്വത്തെക്കുറിച്ച്, അതായത് നിറവേറപ്പെടാതെ പോയ സങ്കല്പങ്ങളെയും അഭിലാഷങ്ങളെയും പ്രതീക്ഷകളെയും കുറിച്ചോർത്ത് വിലപിക്കുന്നതിനുള്ള ഒരവസരം-കേവലം രണ്ടുമാസ ക്കാലത്തെ ഇടവേള മാത്രം. രണ്ടുമാസം കഴിഞ്ഞ് അവൾ അപ്പന്റെ അടുത്തേക്കു മടങ്ങി വരികയും അവൻ നേർന്നിരുന്ന നേർച്ചപോലെ അവളോടു ചെയ്യുകയും ചെയ്തു.

യിഫ്താഹിന്റെ മകളുടെ പേർ വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. യിസ്രായേൽ കന്യകരുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ഒന്നാണ് യിഫ്താഹിന്റെ മകളുടെ ദുഃഖപര്യവസായിയായ ജീവചരിത്രം. പിതൃപുത്രബന്ധത്തിന്റെ മകുടോദാഹരണമായി അവൾ പരിലസിക്കുന്നു. മാതാപിതാക്കൾക്ക് തങ്ങളെക്കുറിച്ചുള്ള ആഗ്രഹങ്ങളും അഭിലാഷങ്ങളും തൃണവൽഗണിച്ചു കൊണ്ട്, അവർ നിശ്ചയിച്ചുറപ്പിച്ച വിവാഹത്തിന്റെ തലേദിവസം കാമുകനോടൊത്ത് ഒളിച്ചോടുന്ന പെൺകുട്ടികൾക്ക് ഒരു വലിയ ചോദ്യചിഹ്നമായി യിഫ്താഹിന്റെ മകൾ നിലകൊള്ളുന്നു. പിറന്നുവീണ നിമിഷം മുതൽ താലോലിച്ചുവളർത്തി, ഏറ്റവും ഉത്തമമായ ഒരു സ്ഥാന

*ശേഷം 24-ാം പേജിൽ*

# ഈ ലോകത്തിന് അനുരൂപരാകാതെ - II



**പാസ്റ്റർ എ.ജെ. ജോൺ കൊഴുവല്ലൂർ**

**ലോ**കത്താകമാനം 120 കോടി കത്തോലിക്കരും 21 സഭാവിഭാഗങ്ങളിലായി 30 കോടി ഓർത്തഡോക്സ്കാരും, 5000 സഭാവിഭാഗങ്ങളിലായി 70 കോടി പ്രൊട്ടസ്റ്റന്റുകാരും ഉണ്ടെന്നു കരുതപ്പെടുന്നു. 23 റീത്തുകളിലായി വ്യത്യസ്തമായ ആരാധനക്രമങ്ങൾ ഉപയോഗിച്ചു വരുന്ന റോമൻ കത്തോലിക്ക സഭയാണ് യഥാർത്ഥ സഭയെന്നു അവർ അവകാശപ്പെടുന്നു. റോമിലെ മാർപ്പാപ്പയുടെ അപ്രമാദിത്വം. അംഗീകരിക്കാതെ പൗരസ്ത്യകാതോലിക്കയുടെ ആത്മീയനേതൃത്വം അംഗീകരിക്കുന്ന ഓർത്തഡോക്സ് സഭകളും കത്തോലിക്ക സഭയുടെ ബൈബിൾ വിരുദ്ധ നിലപാടുകളെ ചോദ്യം ചെയ്തു കൊണ്ട് രംഗത്തുവന്ന പ്രൊട്ടസ്റ്റന്റ് സഭകളും സത്യസഭയെന്ന അവകാശവാദം ഉന്നയിക്കുന്നുണ്ട്. മലങ്കരയിലെ നസ്രാണികൾ അവകാശപ്പെടുന്നതാകട്ടെ അവർ കറതീർന്ന ക്രിസ്ത്യാനികൾ എന്നാണ്. എന്നാൽ ഈ സഭകൾക്കൊന്നും തന്നെ യെരുശലേം സഭയുടെ ആത്മീയ പിന്തുടർച്ച അവകാശപ്പെടാൻ അർഹതയില്ലെന്നു സഭാചരിത്ര പുനർവായനയും നിരൂപണ പഠനങ്ങളും വ്യക്തമാക്കുന്നു.

തോമാശ്ലീഹായിൽ നിന്നു നേരിട്ട് സ്വീകരിച്ച സത്യവിശ്വാസ ദീപശിഖ കെടാതെ മങ്ങാതെ തലമുറകൾ കൈമാറി സൂക്ഷിച്ചുവരുന്നു എന്നു മലങ്കരനസ്രാണികൾ അഭിമാനിച്ചിരുന്ന കാലത്താണ് പോർച്ചുഗീസുകാരായ റോമൻ കത്തോലിക്കർ നസ്രാണികളുടെ ഹിന്ദുമത അനാചരങ്ങളും അന്ധവിശ്വാസങ്ങളും ചൂണ്ടിക്കാട്ടി ക്രിസ്ത്യൻ ഐഡന്റിറ്റി വീണ്ടെടുക്കാൻ ഉപദേശിച്ചത്. മലങ്കരയിലെ നസ്രാണികൾ നെസ്തോറിയൻ ക്രിസ്ത്യാനികളാണെന്നും പാത്രിയാർക്കീസ് ബന്ധവും സിറിയൻ ആരാധന ക്രമവും ഉപേക്ഷിച്ച് ലത്തീൻ ആരാധന ക്രമവും റോമിലെ പോപ്പിന്റെ അപ്രമാദിത്വവും അംഗീകരിക്കാൻ ഉദയംപേരൂർ സുന്നഹദോസിലൂടെ പോർച്ചുഗീസുകാർ നസ്രാണികളോട് ആവശ്യപ്പെട്ടു. ഉദയംപേരൂർ സുന്നഹദോസിലെ അഭിപ്രായ ഭിന്നതയെ തുടർന്നു നസ്രാണികൾക്കുവേണ്ടി പേർഷ്യയിൽ നിന്നും അയയ്ക്കപ്പെട്ട 'അഹറ്റല്ല' എന്ന മെത്രാനെ പോർച്ചുഗീസുകാർ കടലിൽ മുക്കിക്കൊന്നു എന്ന വാർത്തപരന്നതോടെ ക്ഷുഭിതരായ നസ്രാണികൾ മട്ടാഞ്ചേരിയിൽ ഒത്തുചേർന്ന് കുരിശിൽ വടം കെട്ടി. അതിൽ 2500-ഓളം പേർ ചേർന്നു പിടിച്ച് റോമിന്റെ ആധിപത്യം അംഗീകരിക്കില്ലെന്നു സത്യം ചെയ്ത സംഭവമാണ് കൂനൻ കുരിശുസത്യം (1653 ജനുവരി 3). അക്രൈസ്തവമായ ഹിന്ദുമതാചാരങ്ങൾ നസ്രാണികൾ ഉപേക്ഷിക്കാൻ തയ്യാറല്ല എന്ന പ്രഖ്യാപനവും കൂനൻ കുരിശുസത്യത്തിൽ പറയാതെ പറയുന്നുണ്ട്.

യേശുക്രിസ്തുവും അപ്പൊസ്തലന്മാരും പഠിപ്പിച്ച ഉപദേശമാണ് യെരുശലേം സഭയിൽ കാണാൻ കഴിയുന്നത്. യെരുശലേം സഭയുടെ വിശ്വാസപിന്തുടർച്ചയുടെ പ്രധാന കൂദാശകൾ വിശ്വാസസ്നാനവും അപ്പം നുറുക്കലും ഇടയന്മാരുടെയും (Pastors) മൂപ്പന്മാരുടെയും (Elders) സഭാപരിപാലനവും (ഭരണമില്ല) ആയിരുന്നെങ്കിൽ മലങ്കര നസ്രാണികളും പോർച്ചുഗീസ് കത്തോലിക്കരും ഒരുപോലെ ബൈബിൾ വിരുദ്ധ ശിശുസ്നാനവും പുരോഹിത ഭരണവും നടപ്പാക്കുക വഴി കാനോൻ നിയമത്തിനു പുറത്താണെന്നു വ്യക്തം. സെഖര്യപുരോഹിതന്റെ മക

നായ യോഹന്നാൻ സ്നാപകൻ പാരമ്പര്യപ്രകാരം കുപ്പായം ധരിച്ചു പള്ളിക്കകത്ത് അടങ്ങി ഒതുങ്ങി ക്കഴിയേണ്ടതിനു പകരം കുപ്പായം ധരിക്കാതെ പള്ളിയുടെ പടിയിറങ്ങി തെരുവിൽ പ്രസംഗം (പരസ്യയോഗം) ആരംഭിച്ചതോടെ അഹരോന്യ പൗരോഹിത്യത്തിന്റെ മരണമണിനാദം മുഴങ്ങിയതാണ്. ആ യോർദ്ദാന്റെ തീരങ്ങളിൽ പ്രതിദ്ധ്വനിച്ചതിന്റെ പ്രതിഫലനമായിരുന്നു യോഹന്നാന്റെ മാനസാന്തര സ്നാനം. യോഹന്നാൻ തുടങ്ങിവച്ച പ്രസംഗത്തിന്റെ പൂർണ്ണത പെന്തക്കോസ്തുനാളിലെ പത്രൊസിന്റെ പ്രസംഗത്തിൽ കാണാം. മാനസാന്തരവും സ്നാനവും. വിശ്വസിക്കാൻ പ്രായമാകാത്ത ശിശുക്കളെ മാമോദീസാ വഴി സഭയിൽ അംഗമാക്കുകയും അവർ വളർന്നു മാനസാന്തരമോ വിശ്വാസമോ ഇല്ലാത്ത നാമധേയ ക്രിസ്ത്യാനികളാകുകയും നാമധേയ ക്രിസ്തീയ സമുദായത്തെ നയിക്കാൻ കാലഹരണപ്പെട്ട പുരോഹിത വർഗ്ഗം ദുരുപദേശങ്ങൾ ജനത്തെ പഠിപ്പിക്കുകയും ചെയ്യുമ്പോൾ ആ സമൂഹം താനേ ഈ ലോകത്തിനും അനുരൂപരാകാതെ തരമില്ലല്ലോ. "യേശുക്രിസ്തു വീണ്ടും വരുന്നുണ്ടത്രേ" എന്നൊരു പുരോഹിതൻ പ്രസംഗിച്ചതിൽ അത്ഭുതപ്പെടേണ്ടതില്ല. "തിരുസഭയിലെ" ഒരു കുഞ്ഞാട് കള്ളും കുടിച്ച് ഓടയിൽ കിടന്നാൽ പട്ടക്കാരൻ ഒരു പ്രശ്നവുമില്ല ഒരു പക്ഷേ അയഞ്ഞ ഉപദേശം നല്കിയേക്കും എന്നാലവൻ മാനസാന്തരപ്പെട്ടു; സ്നാനപ്പെട്ടു; പള്ളിവിട്ടു എന്നറിഞ്ഞാൽ പള്ളീലച്ചന്റെ വിധം മാറും!

മലങ്കര നസ്രാണികളെ നവീകരിക്കാൻ ശ്രമിച്ച കത്തോലിക്കർ യൂറോപ്പിലെ നവീകരണത്തെ ആയുധം കൊണ്ടു നേരിട്ടവരാണെന്ന ചരിത്രം വിസ്മരിച്ചുകൂടാ. പതിനാലാം നൂറ്റാണ്ടു മുതൽ യൂറോപ്പിൽ ആരംഭിച്ച നവോത്ഥാന (Renaissance) വും മതനവീകരണ (Reformation) വും ഇരുണ്ടയുഗത്തിന്റെ അന്ത്യം കുറിക്കാൻ ഉദയം ചെയ്ത പ്രസ്ഥാനങ്ങളായിരുന്നു. കത്തോലിക്കാമതം ഇതിനുരണ്ടിനും എതിരായിരുന്നു. നവോത്ഥാനനായകന്മാരുടെ നവീകരണ നേതാക്കളുടെയും ജീവരക്തം പുരണ്ട വാളുകൾ ഉണങ്ങും മുമ്പെയാണ് പോർച്ചുഗീസുകാരായ റോമൻ കത്തോലിക്കർ മലങ്കരയിലെ നെസ്തോറിയൻ നസ്രാണികളെ നവീകരിക്കാനിറങ്ങിയതും ഒന്നര നൂറ്റാണ്ടിനുശേഷം നസ്രാണികൾ അതിനെതിരെ അണിനിരന്നതും.

നെസ്തോറിയൻ ക്രിസ്ത്യാനികൾ യേശുവിന്റെ അമ്മയായ മറിയം എന്നല്ലാതെ മറിയത്തെ കന്യാമറിയം എന്നോ "ദൈവമാതാവ്" എന്നോ വിളിച്ചിരുന്നില്ല. ഇപ്പോൾ സെന്തോമസ് പാരമ്പര്യക്കാർ യേശുവിന്റെ അമ്മ മറിയത്തിനെ "ദൈവമാതാവ്" എന്നു വിളിക്കുന്ന പാരമ്പര്യത്തിന്റെ ഉറവിടം പഠനവിഷയമാക്കേണ്ടതാണ്.

"യേശുവിന്റെ അമ്മയായ മറിയം" എന്ന പ്രയോഗം ദൈവശാസ്ത്രപരമായി ശരിയാണ് എന്നാൽ മറിയത്തെ "ദൈവമാതാവ്" എന്നു സംബോധന ചെയ്യുന്നത് ബൈബിൾവിരുദ്ധമാണ്. വിജാതീയരുടെ ദൈവസങ്കല്പങ്ങൾ So called സഭയിൽ കടന്നുകൂടിയതോടൊപ്പം ദൈവമാതാവെന്ന പദവി യേശുവിന്റെ അമ്മ മറിയത്തിനുമേൽ ആരോപിക്കപ്പെട്ടു എന്നതാണ് ശരി. വചനം ജഡമായിത്തീരുവാൻ ദൈവം തിരഞ്ഞെടുത്ത മാനപാത്രം മാത്രമാണ് മറിയം.

മലങ്കര നസ്രാണികളെ ഒന്നടങ്കം റോമൻ കത്തോലിക്കരാക്കാൻ കൂടിയ ഉദയം പേരൂർ സുന്നഹദോസിനു (1599) ശേഷം 217 വർഷം കഴിഞ്ഞപ്പോൾ അതായത് 1816 മുതൽ ഇംഗ്ലീഷുകാരായ സി.എം.എസ്. മിഷണറിമാരും നസ്രാണികളെ നവീകരിക്കാൻ ശ്രമം തുടങ്ങി. കോട്ടയത്തു സെമിനാരി സ്ഥാപിച്ചു. നസ്രാണികളെ ബൈബിൾ പഠിപ്പിക്കാൻ ഇംഗ്ലീഷ് മിഷണറിമാർ അഥവാ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ തയ്യാറായി. ഇവിടെയും നസ്രാണികൾ ചരിത്രം ആവർത്തിച്ചു. മാതാവിനോട് പ്രാർത്ഥിച്ചും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചും ഹിന്ദുമതത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ ഉപേക്ഷിക്കാതെയും നസ്രാണികൾ ഉറച്ചു നിന്നു. 1836-ൽ മാവേലിക്കര പടിയോല മറ്റൊരു കൂനൻ കുരിശു സത്യമായി. 20 വർഷങ്ങൾ കൊണ്ടു സി.എം.എസ്. മിഷണറിമാർ നസ്രാണികളെ നവീക

രിക്കാനുള്ള ശ്രമം ഉപേക്ഷിച്ച് സുവിശേഷവുമായി ഈഴവർ തുടങ്ങിയ അയിത്ത ജാതിക്കാരിലേക്ക് തിരിഞ്ഞു എന്നു ചരിത്രം.

ക്രിസ്തീയ വിശ്വാസികൾ ഈ ലോകത്തിനു അനുരൂപരാകരുതെന്നു വി.പൗലോസ് അപ്പൊസ്തലൻ ലേഖനം എഴുതി അയച്ചത് റോമിലെ സഭാവിശ്വാസികൾക്കാണ് (റോമർ 12:2). വിരോധാഭാസമെന്നോണം സഭയിലേക്ക് ലോകം കടന്നുവന്നതും റോമാസഭയിലൂടെയാണ്; ഇന്നും അത് തുടരുന്നു. സഭയിലേക്ക് ലോകം കടന്നുവരുന്നതിനെ പ്രതിരോധിക്കാൻ ജാഗരൂകരായ സഭാവിഭാഗം വേർപാട് സഭാവിഭാഗം മാത്രമാണ്. യെരുശലേം സഭയുടെ വിശ്വാസ പിന്തുടർച്ച അവകാശപ്പെടാവുന്നത് മാനസാന്തരം വിശ്വാസ സ്നാനം തുടങ്ങിയ പ്രമാണങ്ങളെ അടിസ്ഥാനമാക്കി ക്രിസ്തീയ ജീവിതം നയിക്കുന്നവർക്കാണ്. "നാം ലോകത്തിൽ ജീവിക്കുന്നു നമ്മുടെ ഉള്ളിൽ ലോകം വേണ്ട". ▣

---

*പേജ് 21 ന്റെ തുടർച്ച* (യിഫ്താഹിന്റെ മകൾ)

ത്തെത്തിക്കുക എന്ന ഏകലക്ഷ്യത്തോടെ അവിശ്രാന്ത പരിശ്രമം ചെയ്യുന്ന പല മാതാപിതാക്കളുടെയും മുഖത്ത്, തങ്ങളുടെ സ്വാർത്ഥാഭിലാഷങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടിയുള്ള വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികൾ മൂലം എന്നെന്നേക്കുമായി കരിവാരിത്തേച്ചിട്ടുള്ള മക്കളെക്കുറിച്ചും നാം കേട്ടിട്ടുണ്ട്. എന്നാൽ സ്വപിതാവിന്റെ വാഗ്ദത്ത നിവൃത്തിക്കുവേണ്ടി ജീവാഹൂതി ചെയ്ത യിഫ്താഹിന്റെ മകൾ യിസ്രായേൽ ചരിത്രത്തിന്റെ സംഭവബഹുലമായ ഏടുകളിലൂടെ എന്നെന്നേക്കുമായി ജീവിക്കുന്നു. "പിന്നെ, ആണ്ടുതോറും യിസ്രായേലിലെ കന്യകമാർ നാലുദിവസം ഗിലെയാദ്യയായ യിഫ്താഹിന്റെ മകളെ കീർത്തിപ്പാൻ പോകുന്നത് യിസ്രായേലിൽ ഒരു ആചാരമായിത്തീർന്നു" (ന്യായാ. 11:40). ▣

---

*പേജ് 17 ന്റെ തുടർച്ച* (യെരുശലേം പുത്രിമാരേ...)

ഒരു പുരോഹിതനായിരുന്നു. പക്ഷേ മക്കളെ ശ്രദ്ധിച്ചില്ല. ഏലിയുടെ ഭാര്യയെപ്പറ്റി ഒരു പരാമർശവും തിരുവചനത്തിലില്ല. അമ്മ ദൈവഭക്തയായ ഒരു കുടുംബിനി ആയിരുന്നുവെങ്കിൽ കുടുംബത്തിനു ദുർഗതി ഉണ്ടാകയില്ലായിരുന്നു. ശമുവേൽ ദൈവഭക്തനായ ന്യായാധിപനും പ്രവാചകനും ആയിരുന്നു. "അവന്റെ പുത്രന്മാർ അവന്റെ വഴിയിൽ നടക്കാതെ ദുരാഗ്രഹികളായി കൈക്കൂലി വാങ്ങി ന്യായം മറിച്ചു വന്നു" (1 ശമു.8:3). മക്കൾക്കു വേണ്ടി കരയുന്ന ഒരു അമ്മ അവർക്കുണ്ടായിരുന്നെങ്കിൽ മക്കളും പിതാവിനെപ്പോലെ ദൈവവഴിയിൽ നടന്നേനേ.

പ്രിയ സഹോദരിമാരേ, ദൈവം നമുക്കാണ് കരയുവാനുള്ള കഴിവു തന്നിരിക്കുന്നത്. അതുകൊണ്ടാണു കർത്താവു നമ്മോടു കരയുവാൻ ആവശ്യപ്പെടുന്നത്. ഭാഷണവും വാക്കുകളുമില്ലാതെ ദൈവത്തോടു സംസാരിക്കുന്നതിനു തെളിവായിരിക്കണം നമ്മുടെ കണ്ണീർ. നമ്മുടെ ഓരോ തുള്ളി കണ്ണുനീരും ദൈവം തുരുത്തിയിൽ സൂക്ഷിച്ചുവയ്ക്കുന്നു. സന്ദർശന ദിവസത്തിൽ ദൈവം നമുക്കതിനു പ്രതിഫലം നല്കും. അതുകൊണ്ടു "സീയോൻപുത്രിയുടെ മതിലേ, രാവും പകലും ഓലോല കണ്ണുനീരൊഴുക്കുക; നിനക്കുതന്നേ സ്വസ്ഥത നല്കരുത്; നിന്റെ കൺമണി വിശ്രമിക്കയുമരുത്. രാത്രിയിൽ, യാമാരംഭത്തിങ്കൽ എഴുന്നേറ്റു നിലവിളിക്ക; നിന്റെ ഹൃദയത്തെ വെള്ളം പോലെ കർത്തൃസന്നിധിയിൽ പകരുക; വീഥികളുടെ തലെക്കലൊക്കെയും വിശപ്പുകൊണ്ടു തളർന്നു കിടക്കുന്ന നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി അവങ്കലേക്കു കൈ മലർത്തുക" (വിലാ.2:18,19). നമ്മുടെ മക്കളുടെ ജീവരക്ഷയ്ക്കായി മാത്രമല്ല ആത്മീയ വിശപ്പും ദാഹവും കൊണ്ടു വലയുന്ന ഓരോ കുഞ്ഞുങ്ങളെയും ഓർത്തു കരയുക. നശിച്ചു പോകുന്ന കുഞ്ഞുങ്ങൾ കർത്താവിനെ അറിയുവാൻ, ആത്മീയവിശപ്പും ദാഹവും ഉണ്ടാകുവാൻ, ജീവരക്ഷ പ്രാപിക്കുവാൻ നമുക്കു ദൈവമുഖത്തേക്കു നോക്കാം. കണ്ണീരോടെ പ്രാർത്ഥിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ. ▣

# ദാമ്പത്യം:
# നല്ല തുടക്കവും നല്ല അവസാനവും

ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ



**ക്രി**സ്തീയ വിവാഹങ്ങളിൽ പൊതുവെയും വേർപെട്ട വിശ്വാസികളുടെ വിവാഹങ്ങളിൽ പ്രത്യേകിച്ചും, എല്ലാ ദമ്പതികളും അതിൽ പ്രവേശിക്കുന്നത് അത് പരിപൂർണ്ണ ദൈവഹിതമാണ് എന്ന ഉത്തമ ബോധ്യത്തിലും വിശ്വാസത്തിലുമാണ്. ഇതിനു പിന്നിൽ വർഷങ്ങളോ മാസങ്ങളോ നീണ്ടുനില്ക്കുന്ന പ്രാർത്ഥനയും കൂലംകഷമായ അന്വേഷണങ്ങളും ആഴമായ ആലോചനകളും കൂട്ടായ ചിന്തകളും ഉണ്ടാകും. തമ്മിൽ കണ്ടും സംസാരിച്ചും ചർച്ച ചെയ്തും സഭകളിൽ തിരക്കിയും ഒക്കെ ഉരുത്തിരിയുന്ന തീരുമാനങ്ങളും ലഭ്യമാകുന്ന നടത്തിപ്പുകളും എല്ലാം തീരുമാനത്തെ ബാധിക്കും. അങ്ങനെയാണല്ലോ വിവാഹനിശ്ചയവും അതിനുശേഷം വിവാഹ ശുശ്രൂഷയും നടക്കുന്നത്.

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ "സന്തുഷ്ട ക്രിസ്തീയ കുടുംബം" എന്ന പുസ്തകത്തിൽ നിന്നും**

വിവാഹവേദിയിൽ വച്ച് ദമ്പതികൾ പരസ്യമായും സ്വമനസ്സാലെയും സമ്മതവും പരസ്പര സ്വീകരണവും ഉഭയസമ്മതത്തിന്റെ ഉടമ്പടിയും നടത്തി വിശുദ്ധ പ്രതിജ്ഞ ചെയ്തു ദൈവസന്നിധിയിൽ പ്രാർത്ഥനയോടെയും സമർപ്പണത്തോടെയുമാണ് കുടുംബജീവിതം ആരംഭിക്കുന്നത്. ഇരു കുടുംബാംഗങ്ങളും ഇരുവരുടെയും സഭാ വിശ്വാസികളും ബന്ധുമിത്രാദികളും എല്ലാം ഈ വിവാഹം പൂർണ്ണ ദൈവഹിതാനുസരണമാണ് നടക്കുന്നത് എന്ന് ഹൃദയംഗമായി വിശ്വസിക്കുകയും ദമ്പതികൾക്കായി പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്.

അങ്ങനെ അത്യധികം സന്തോഷത്തിലും ശുഭപ്രതീക്ഷയിലും ആഘോഷപൂർവ്വവുമാണ് എല്ലാ കുടുംബജീവിതങ്ങളും ആരംഭിക്കുന്നത്. കർത്താവ് വരുവാൻ താമസിച്ചാൽ ഈ കുടുംബജീവിതം സംതൃപ്തികരമായി മുന്നോട്ടു കൊണ്ടുപോയി ഒരാൾ മറ്റെയാളെ കർത്തൃകരങ്ങളിൽ കണ്ണുനീരോടെ ഭരമേല്പിക്കുകയും ഇനിയും നിത്യതയിൽ കാണാം എന്ന പ്രത്യാശയോടെ പൂർത്തിയാക്കുകയും ചെയ്യാനാണ് ദമ്പതികളെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത്. അങ്ങനെയുള്ള ഉടമ്പടിയാണ് വിവാഹശുശ്രൂഷാമദ്ധ്യേ ദമ്പതികൾ ചെയ്യുന്നത്. എന്നാൽ ഇങ്ങനെ നന്നായി ആരംഭിക്കുന്ന പല കുടുംബങ്ങളും സംതൃപ്തിയോടെയും സന്തോഷത്തോടെയും നന്നായും തങ്ങളുടെ കുടുംബജീവിതം അവസാനിപ്പിക്കാറില്ല എന്നുള്ളത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. ഈ യാഥാർത്ഥ്യം എല്ലാ ദമ്പതികളും വിശകലനം ചെയ്യേണ്ടതാണ്.

കുടുംബത്തെ സംബന്ധിച്ചുള്ള ഈ യാഥാർത്ഥ്യത്തെ വിളിച്ചറിയിക്കുന്ന വിധത്തിലുള്ള ഒരു കുടുംബജീവിതമായിരുന്നു യിസ്ഹാക്കിന്റെയും റിബെക്കയുടെയും. അത്യന്തം സന്തോഷകരവും ആവേശകരവും അനുഗ്രഹിക്കപ്പെട്ടതുമായ നല്ല ഒരു തുടക്കം അവരുടെ ദാമ്പത്യജീവിതത്തിനു ലഭിച്ചു. തങ്ങളെക്കുറിച്ചുള്ള ദൈവഹിതം അവർ ഇരുവരും മനസ്സിലാക്കി. പല പ്രതിബന്ധങ്ങളെയും അവർ പ്രാർത്ഥനയോടെ നേരിട്ടു വിജയം വരിച്ചു (ഉൽപത്തി 25:20–26). മറ്റുള്ളവർക്ക് അസൂയ പകരുന്ന വിധത്തിൽ സന്തോഷപ്രദമായിരുന്നു അവരുടെ ദാമ്പത്യ ജീവിതം (ഉൽപത്തി 26:8). എന്നാൽ കാലാന്തരത്തിൽ

ദുഃഖകരമായ അനുഭവങ്ങളാണ് അവരുടെ കുടുംബത്തിലുണ്ടായത്. അവർ മക്കളെ പക്ഷ പാതപരമായി സ്നേഹിച്ചതുമൂലം മക്കൾ തമ്മിൽ ശത്രുതയുടെ വിത്തു പാകുവാനിട യായി (ഉൽപത്തി 25:26). ആദ്യജാതൻ രണ്ട് അവിശ്വാസി സ്ത്രീകളെ വിവാഹം കഴിക്കയും തന്മൂലം മാതാപിതാക്കൾക്ക് ഹൃദയവ്യഥ ഉണ്ടാ കുവാനുമിടയായി (ഉൽപത്തി 26:34-35). യിസ്ഹാക്കിന്റെ ആത്മീയ കണ്ണുകൾക്ക് പ്രകാശം മങ്ങിപ്പോയതിനാൽ താൻ ജഡിക ആഗ്രഹങ്ങൾക്കും അനാത്മികനായി ജീവിച്ച ആദ്യജാതനെ ആത്മികമായി അനുഗ്രഹി ക്കുന്ന തീരുമാനത്തിനും വിധേയനായി. പ്രിയ ഭർത്താവിനെ വഞ്ചിക്കാൻ ഓമനമകനെ പ്രച്ഛ ന്നവേഷം കെട്ടിച്ച് വ്യാജം പഠിപ്പിച്ച് ദൈവ ശാപം സ്വന്തം തലമേൽ പിടിച്ചുവാങ്ങുന്ന ഒരു ഭാര്യയും അമ്മയുമായിത്തീർന്ന യിസ്ഹാ ക്കിന്റെ പ്രിയപ്പെട്ട റിബെക്ക. ഒരുവശത്ത് പ്രതി കാര വാഞ്ഛയോടെ കൊലവിളി നടത്തുന്ന ഏശാവ്, മറുവശത്ത് പ്രാണരക്ഷാർത്ഥം ഓടി രക്ഷപ്പെടുന്ന യാക്കോബ്. ഈ കുടുംബം നാലു കഷണങ്ങളായിത്തീർന്നുപോയി. ഐക്യമത്യവും സ്നേഹവും തകർന്ന് അവി ശ്വാസത്തിന്റെ പാതയിൽകൂടി സഞ്ചരിച്ച് ഈ നല്ല കുടുംബം ദുഃഖപര്യവസായിയായി കാര്യ ങ്ങൾ അവസാനിപ്പിച്ചു എന്നത് എത്രയോ സങ്ക ടകരമാണ്.

അനന്യാസും സഫീരയും നന്നായി ആരംഭിച്ച ആത്മിക കുടുംബം വ്യാജത്തിൽ വീണ്, ദൈവശിക്ഷയുടെ ഫലമായി അകാല നിര്യാണത്തിൽ അവസാനിക്കുന്ന ദുഃഖചിത്ര മാണ് നാം അപ്പൊസ്തല പ്രവൃ. 5:1-11 വരെ യുള്ള ഭാഗത്ത് കാണുന്നത്.

ദൈവത്തെയും ദൈവകല്പനക ളെയും ഭയന്ന് വളരെ സൂക്ഷിച്ച് മുന്നോട്ടുപോ കാതിരുന്നാൽ ഇതുപോലെ ദുഃഖപര്യവസായി യായിത്തീരാൻ ഇടയാകുമെന്ന ചിന്തയോടെ യായിരിക്കണം എല്ലാ വിശ്വാസകുടുംബങ്ങളും മുന്നോട്ടുപോകേണ്ടത്. അതായത് നന്നായി തുടങ്ങിയതുകൊണ്ട് മാത്രമായില്ല, നന്നായി മുന്നോട്ടു കൊണ്ടു പോകുകയും വേണം. ദമ്പ തികൾ പുതുക്കപ്പെട്ട നിരന്തരസമർപ്പണ ത്തോടെ ആഴമേറിയ സ്നേഹത്തിൽ തുടർമാ നമായി ജീവിക്കുകയും വളരെ പ്രാർത്ഥിക്കു കയും അദ്ധ്വാനിക്കുകയും ചെയ്താൽ ദൈവം തന്റെ ശക്തിയാലും വചനത്താലും ആത്മാവി നാലും അവരെ സഹായിക്കും. അങ്ങനെ സന്തുഷ്ടകരവും വിജയകരവുമായ കുടുംബ ജീവിതം ദമ്പതികൾക്ക് സാദ്ധ്യമായിത്തീരും.

**ഭവനം ചമയ്ക്കുക:**

തങ്ങളുടെ ഭവനം ചമയ്ക്കാൻ ദമ്പതികൾ ആശ്രയിക്കേണ്ടതും അതിന്റെ ചുമതല ഏല്പി ക്കേണ്ടതും കർത്താവിനെ ആയിരിക്കണം (സ ങ്കീ.127:1). കർത്താവിന്റെ ദാസീദാസന്മാരായി ദമ്പതികൾ കർത്തൃകരങ്ങളിൽ തങ്ങളെത്തന്നെ ഭരമേല്പിച്ച്, കർത്താവിനോടു ചേർന്നു തങ്ങ ളുടെ ഭവനത്തിന്റെ പണിയിൽ ഏർപ്പെട്ടാൽ വിജയകരമായ കുടുംബജീവിതം നയിക്കാൻ കർത്താവ് അവരെ സഹായിക്കും. അപ്പോൾ ആ കുടുംബത്തിലുള്ളവർക്ക് നല്ല സമാധാനവും ഉറ ക്കവും വിശ്രമവും ലഭിക്കും (വാക്യം 3). അങ്ങ നെയുള്ള കുടുംബങ്ങൾക്ക് ആത്മീയ യുദ്ധത്തിൽ വിജയവും സുനിശ്ചിതമാണ് (വാക്യം. 4,5). അവർക്ക് നല്ല സാക്ഷ്യം സമൂഹത്തിൽ ലഭി ക്കുകയും ചെയ്യും.

കർത്താവ് പണിയുന്ന ഇങ്ങനെയുള്ള ഭവന ത്തിന്റെ പണിക്കു വേണ്ട വിഭവങ്ങൾ സമ്പാദി ക്കാൻ അദ്ധ്വാനിക്കുന്നത് സാധാരണ ഗതിയിൽ നായകനായ ഭർത്താവാണ്. അപ്പോൾത്തന്നെ ആ ഭവനത്തെ പണിതുയർത്താൻ പുറകിലിരുന്ന് അദ്ധ്വാനിക്കുന്നത് ഭാര്യയാണ് (സദൃശ.9:1). ദൈവിക ജ്ഞാനത്താലാണ് അവൾ ഭവനപണി ക്കായി അദ്ധ്വാനിക്കുന്നത്. ഈ ജ്ഞാനം പ്രാർത്ഥനയ്ക്കുത്തരമായി അവൾക്കു ലഭി ക്കുന്നു (യാക്കോബ് 1:5). അവളുടെ തന്നിഷ്ടം, ലൗകികാഗ്രഹങ്ങൾ, ജഡിക മുൻഗണനകൾ ഇതെല്ലാം വലിച്ചെറിഞ്ഞുകളയുവാൻ സ്വർഗ്ഗീയ ജ്ഞാനം അവളെ സഹായിക്കും. പൂർണ്ണത യുടെ ലക്ഷണമായ ഏഴ് ബലമുള്ള തൂണുകളി ലാണ് അവൾ ഭവനം പണിയേണ്ടത്. ഈ തൂണു കൾ ജഡികമോ, ലൗകികമോ, മാനുഷിക

ബുദ്ധിയുടെ അടിസ്ഥാനത്തിലുള്ളതോ അല്ല, പ്രത്യുത കുടുംബനാഥനായ കർത്താവിന്റെ ഗുണഗണങ്ങൾ തന്നെയാണ്. ഈ ഏഴു തൂണുകളെ ജ്ഞാനാത്മാവായ ദൈവാത്മാവിന്റെ ഏഴു ഗുണങ്ങളായും കരുതാം. കുടുംബത്തിൽ (1) തുടർമാനമായി ആവസിക്കുന്ന (2) ജ്ഞാനത്തിന്റെയും (3) വിവേകത്തിന്റെയും (4) ആലോചനയുടെയും (5) ബലത്തിന്റെയും (6) പരിജ്ഞാനത്തിന്റെയും (7) യഹോവ ഭക്തിയുടെയും തൂണുകളായി ഇവയെ കണക്കാക്കാം. ഈ ഏഴു തൂണുകളിൽ പണിതുറപ്പിക്കുന്ന ഭവനം ഒരിക്കലും വീണുപോകയില്ല, തകരുകയില്ല (യെശയ്യ. 11:2).

വേറൊരുവിധത്തിൽ പറഞ്ഞാൽ ഈ ഏഴു തൂണുകൾ, (1) നിർമ്മലം (2) സമാധാനം (3) ശാന്തം (4) അനുസരണം (5) കരുണ (6) സത്ഫലം (7) പക്ഷപാതവും കപടവുമില്ലാത്തത് എന്നീ സ്വർഗ്ഗീയ ജ്ഞാനത്തിൽ അധിഷ്ഠിതമായിരിക്കണം (യാക്കോബ് 3:17). ഇങ്ങനെ പണിയുവാനും കർത്താവ് നമ്മെ സഹായിക്കും.

ഇങ്ങനെയുള്ള ഭവനത്തിന്റെ പണി അത്യന്തം ഗഹനമേറിയതും ശ്രമകരവും സമർപ്പണോന്മുഖവുമായ അദ്ധ്വാനം തന്നെയാണ്. പരാജയപ്പെടുന്നതും പ്രശ്നോന്മുഖവുമായ കുടുംബങ്ങളെ വചനാനുസരണം പരിശോധിച്ചാൽ ഈ ഏഴ് തൂണുകളിൽ പലതും ഒരു പക്ഷേ കാണുന്നില്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. കാണുന്ന പല തൂണുകളും ബലഹീനവുമാണ് എന്നത് ഭയത്തോടെ ചിന്തിക്കേണ്ട ഒരു സത്യമാണ്. ആകയാൽ ക്രിസ്തീയ ഭവനങ്ങൾ എന്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു എന്ന് ആത്മികമായും തുടർമാനമായും അവലോകനവും തദാനുസാരമായ പുനർനിർമ്മാണവും നടത്തേണ്ടിയിരിക്കുന്നു. അതിന് ആവശ്യമായ ആത്മീയജ്ഞാനം ഭാര്യാഭർത്താക്കന്മാർക്കു ലഭിക്കാനായി പ്രാർത്ഥിച്ചാൽ അവരെ കർത്താവ് സഹായിക്കും.

സ്വർഗ്ഗീയ ജ്ഞാനത്താൽ ഭവനം പണിയുന്ന ഭാര്യയെ സദൃശവാക്യങ്ങളിൽ നമുക്കു കാണാം (14:1). അവൾ തന്റെ ഭർത്താവിനെയും മക്കളെയും ശ്രദ്ധിച്ച് അവരുടെ ആത്മികവും ശാരീരികവും മാനസികവുമായ ആവശ്യങ്ങൾ മനസ്സിലാക്കുന്നു. അവർക്ക് സ്നേഹം, വാത്സല്യം, പോഷണം, സന്തോഷം, ആലോചന, സമാധാനം, വിശ്രമം ഇതെല്ലാം പകർന്നുകൊടുക്കുന്നു. അങ്ങനെ അവൾ സ്നേഹവും കരുതലും കൊണ്ട് സ്വന്തം ഭവനം പണിതുയർത്തുന്നു. ഈ പണിയിൽ അവൾ കർത്താവിന്റെയും ഭർത്താവിന്റെയും പങ്കാളിയും കൂട്ടുപണിക്കാരിയുമാണ്.

എന്നാൽ സ്വർഗ്ഗീയ ജ്ഞാനത്തിൽ ആശ്രയിക്കാതെ, സ്വന്തബുദ്ധിയിലും വിവേകത്തിലും സ്വാർത്ഥതാൽപര്യത്തോടെയും തനിക്കു ബോധിച്ചതുപോലെ ഭവനം പണിയുന്ന ഭാര്യ സ്വന്തം വ്യക്തിത്വത്തെയും സ്വയത്തെയും പണിതുയർത്തും. ഫലമോ അവൾ തത്കാലത്തേക്ക് പുരോഗമിക്കുന്നു എന്നു തോന്നിയാലും കാലാന്തരത്തിൽ അവളുടെ ഭവനം തകർന്നുപോകാനാണ് സാദ്ധ്യത. അതേസമയം അവളെ സ്വർഗ്ഗീയ ജ്ഞാനത്താൽ നിറയാൻ സഹായിക്കുകയും അതിലേക്ക് നയിക്കുകയും ചെയ്യാനുള്ള ആത്മിക ഉത്തരവാദിത്തം ഭർത്താവിന്റേതാണ്. ഇങ്ങനെ ഭാര്യയെ സഹായിക്കുവാനുള്ള മനസ്സൊരുക്കം ഭർത്താവിനും അദ്ദേഹത്തോട് സഹകരിക്കാനുള്ള വിവേകം ഭാര്യയ്ക്കും അത്യന്താപേക്ഷിതമാണ്.

ഇത്തരത്തിലുള്ള ആത്മിക ശക്തികേന്ദ്രങ്ങളായി വിശ്വാസഭവനങ്ങൾ പരിണമിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ആവശ്യബോധവും, കാഴ്ചപ്പാടും, സമർപ്പണവും, താഴ്മയും ക്രിസ്തീയ കുടുംബങ്ങൾക്കുണ്ടായിരിക്കണം. എങ്കിൽ മാത്രമെ ക്രിസ്തീയ കുടുംബങ്ങൾ വിജയകരമായി മുന്നോട്ടുപോവുകയുള്ളൂ. ഓരോ കുടുംബത്തിലെയും ദമ്പതികൾ തങ്ങളുടെ കുടുംബജീവിതങ്ങളെ ആത്മീയമായി അവലോകനം ചെയ്യണം. തത്ഫലമായി വരുത്തേണ്ടതായ പുനർക്രമീകരണങ്ങൾ ചെയ്ത് ജീവിക്കണം. അങ്ങനെ അവർ ക്രിസ്തീയ സാക്ഷ്യം പുലർത്തി ദൈവത്തെ പ്രസാദിപ്പിച്ച് മുന്നോട്ടുപോകുവാൻ കർത്താവാഗ്രഹിക്കുന്നു. അത് ദമ്പതികൾക്കും അവരുടെ മക്കൾക്കും ബന്ധുമിത്രാദികൾക്കും ദൈവസഭയ്ക്കും സാക്ഷ്യത്തിനും അനുഗ്രഹത്തിനും സന്തോഷത്തിനും ഇടയാക്കും. ▣

# QUEST 81

(ഈ ലക്കം QUEST –81 ലെ ചോദ്യങ്ങൾ ഫിലിപ്പിയർ, കൊലൊസ്സ്യർ, 1 തെസ്സലൊനീക്യർ, 2 തെസ്സലൊനീക്യർ എന്നീ പുസ്തകങ്ങളിൽ നിന്നാണ്)

1. ഒനേസിമൊസിനെക്കുറിച്ച് പൗലൊസിന്റെ സാക്ഷ്യം എന്ത്?
2. എപ്പഫ്രൊദിത്തോസിനെ ബഹുമാനിക്കണം എന്ന് പറയാനുള്ള കാരണം എന്ത്?
3. സഭയുടെ അടിസ്ഥാനകല്ലുകളാരെല്ലാം?
4. തെസ്സലൊനീക്യർ ആർക്കെല്ലാമാണ് മാതൃകയായി തീർന്നത്?
5. എന്തിന്റെയൊക്കെ നിക്ഷേപങ്ങളാണ് ക്രിസ്തുവിൽ ഗുപ്തമായിരിക്കുന്നത്?
6. പകലിന്റെ മക്കളായ നമ്മൾ എന്തൊക്കെ ചെയ്തു സുബോധമുള്ളവരാകണമെന്നാണ് പറഞ്ഞത്?
7. പൗലൊസും സഹപ്രവർത്തകരും എത്രമാത്രം തെസ്സലൊനീക്യ സഭയിൽ ആർദ്രതയുള്ളവരായിരുന്നു?
8. സുവിശേഷഘോഷണത്താൽ ദൈവമക്കളെ രക്ഷയ്ക്കു വിളിച്ചതെന്തിന്?
9. പൗലൊസ് എങ്ങനെയാണ് സുവിശേഷത്തിന്റെ ശുശ്രൂഷകനായത്?
10. പൗലൊസ് ഏത് വംശത്തിലും ഗോത്രത്തിലുമാണ് പിറന്നത്?
11. കൊലൊസ്സ്യയിലെ എങ്ങനെയുള്ള സഹോദരന്മാർക്കാണ് ലേഖനം എഴുതിയത്?
12. പൗലൊസ് എങ്ങനെയുള്ള സഹോദരനോടു അകന്നു നില്ക്കേണം എന്നാണ് പറയുന്നത്?
13. വീണ്ടെടുപ്പുനാളിനായി മുദ്ര ഇട്ടിരിക്കുന്നത് എന്തിനാലാണ്?
14. കർത്താവിൽ ഏകചിന്തയോടിരിപ്പാൻ പൗലൊസ് പ്രബോധിപ്പിച്ചതാരെയെല്ലാം?
15. കർത്താവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കുള്ള ശിക്ഷ എന്താണ്?
16. വെളിച്ചത്തിന്റെ ഫലമെന്തെല്ലാം?
17. പൗലൊസ് എന്തിന് വേണ്ടിയാണ് കാംക്ഷിച്ചത്?
18. എന്തിനുവേണ്ടിയാണ് ലോകസ്ഥാപനത്തിന് മുമ്പ് ദൈവം നമ്മെ തിരഞ്ഞെടുത്തത്?
19. ഏതെല്ലാം നിമിത്തമാണ് ദൈവകോപം അനുസരണം കെട്ടവരുടെമേൽ വരുന്നത്?
20. ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ച് ഉറച്ചു നില്പാനും കഴിയേണ്ടതിന് എന്ത് എടുക്കണം.

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 81-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2022 ഫെബ്രുവരി 20 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**
**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**
**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## QUEST– 80– ന്റെ ശരി ഉത്തരങ്ങൾ

1. വിശ്വാസത്തിൽ (2 കൊരി. 13:5)
2. തീത്തൊസിനെ (2 കൊരി. 7:14,15)
3. കോട്ടകളെ ഇടിപ്പാൻ ശക്തിയുള്ളവയാണ് (2 കൊരി. 10:4)
4. അപ്പൊസ്തലനായ പൗലൊസ് (ഗലാത്യർ 3:1)
5. മക്കെദോന്യ സഭ (2 കൊരി. 8:1,2)
6. അറബിദേശത്ത് സീനായ് മലയെ (ഗലാ.4:25)
7. ഒന്നു കുറയ നാല്പതടി അഞ്ചുവട്ടം (2 കൊരി. 11:24)
8. നന്മ ചെയ്കയിൽ (ഗലാ. 6:9)
9. ദാനം നിമിത്തം (2 കൊരി. 9:15)
10. സ്വർഗ്ഗത്തിൽ (2 കൊരി. 5:1)
11. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ (ഗലാ.2:16)
12. ശൂലം (2 കൊരി. 12:7)
13. മനസ്സാക്ഷിയുടെ സാക്ഷ്യം (2 കൊരി. 1:12)
14. തേജസ്സിന്റെ നിത്യഘനം (2 കൊരി. 4:17)
15. ഘനവും, ഊറ്റവും ഉള്ളത് (2 കൊരി. 10:10)
16. രണ്ടോ, മൂന്നോ (2 കൊരി. 13:1)
17. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം (ഗലാ. 5:14)
18. 15 ദിവസം (ഗലാ.1:18)
19. തേജസ്സ് (2 കൊരി. 2:9)
20. അവിശ്വാസികളോട് (2 കൊരി. 6:14)

# ഹല്ലേലുയ്യാഗാനം പാടുമെന്നേശുവിനു



--------------------------------

**ഗാനരചന: അന്നമ്മ ചാൾസ് ജോൺ**


ഹല്ലേലുയ്യാഗാനം പാടുമെന്നേശുവിനു
ഹല്ലേലുയ്യ ഹല്ലേലുയ്യ സ്തുതി പാടിടും
യേശുവെത്ര നല്ലവൻ യേശുവെത്ര വല്ലഭൻ
എൻജീവിതത്തിന്റെ നിമിഷമെല്ലാം (2) യേശു

1. നീ മാത്രമേയുള്ളു പിന്നിലേക്കു നോക്കുവാൻ
എന്റെ ദൈവം ചെയ്ത നന്മ എണ്ണിടുവാൻ
ഞാൻ നിന്നടിമയായ് ജീവിക്കുമെന്നും
ഇവിടെ നിന്നും വേർപിരിയും വരെ (2) യേശു

2. കാല്ക്കൽ വീണുകരഞ്ഞു നന്ദികരേറ്റുന്നു
അങ്ങേ മറന്നിടുവാൻ സാധ്യമല്ല
ഇത്ര നല്ലവനാം എൻ പ്രിയനെ അങ്ങേ
എല്ലാ നാളുമേറ്റു ചൊല്ലുമെന്നും കീർത്തിക്കും (2) യേശു

3. കാലങ്ങൾ ഏറെയോ കാന്തന്റെ ആഗമനം
ഇവിടുത്തെ ജീവിതമോ വേദനയേറിടുന്നു
കൂടാരമാം ഭവനം വിട്ടൊഴിഞ്ഞാലെനിക്കു
കൈപ്പണിയല്ലാത്ത നിത്യഭവനം കിട്ടും (2) യേശു

# ‘വിശ്വാസത്തിന്റെ ബലിപീഠത്തിൽ’




സഹോദരി മേരി അഞ്ചൻ രചിച്ച ഈ ഗ്രന്ഥം വിശ്വാസ സമൂഹം, സഭയുടെ ആദ്യകാലം മുതൽ നേരിട്ട പീഡനങ്ങളുടെ ഒരു വിവരണമാണ്. 51 ചെറിയ അദ്ധ്യായങ്ങളിലായി സഭാ ചരിത്രത്തിൽ വിശ്വാസികൾ നേരിടേണ്ടി വന്ന പീഡനങ്ങളും അവർ അതിനെ നേരിട്ട വിധവും പ്രതിപാദിക്കുന്നു.

1974 –ലും 1978 –ലും അതിനുശേഷം 2021 ലും പുനഃപ്രസിദ്ധീകരിച്ച പ്രസ്തുത ഗ്രന്ഥത്തിലെ വിവരണങ്ങൾ ഇക്കാലത്തു ജീവിക്കുന്ന വിശ്വാസസമൂഹത്തിന് ഒരു വെല്ലുവിളിയും അതോടൊപ്പം യാഥാർത്ഥ്യങ്ങളെ നേരിടാനുള്ള ധൈര്യവും പകരുന്നു.

**ഈ പുസ്തകം ആവശ്യമുള്ളവർ താഴെക്കാണുന്ന ഏതെങ്കിലും വിലാസത്തിൽ ബന്ധപ്പെടുക.**
**പുസ്തകത്തിന്റെ വില ഒരു കോപ്പി Rs. 150/-**

**The Director**
**Good News Ministries**
**Akkulam Road,**
**Trivandrum - 695 011**
**Tel: 9087144349**

**The Manager**
**Evangelical Literature Service**
**Kesavadasapuram**
**Trivandrum**

Published by George John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891